**പന്ത്രണ്ടാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ജൂൺ 29, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

നാളികേര-അടയ്ക്കാ കർഷകർ നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: തേങ്ങയ്ക്കും അടയ്ക്കക്കും ഉണ്ടായ വിലയിടിവും സംഭരണ സംവിധാനത്തിന്റെ അപര്യാപ്തതയുംമൂലം കേര കർഷകരും അടയ്ക്കാ കർഷകരും നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. സി. എഫ്. തോമസ്, കെ. സി. ജോസഫ്, പി.കെ. അബ്ദുറബ്ബ്, കെ.ബി. ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): നാളികേരത്തിന്റെയും അടയ്ക്കയുടെയും വിലയിടിവ് ഒരു പ്രധാനപ്പെട്ട വിഷയമാണ്. സംസ്ഥാനത്ത് ഉപയോഗിക്കുന്ന വെളിച്ചെണ്ണയുടെ അളവ്

ഗണ്യമായി കുറഞ്ഞതാണ് നാളികേര വില കുറയാനുള്ള പ്രധാന കാരണം. ഒരു പ്രത്യേക ഘട്ടത്തിൽ ഇൻഡ്യയിൽ ചുങ്കരഹിതമായി പാമോയിൽ ധാരാളം ഇറക്കുമതി ചെയ്യുകയും അതിന്റെ വലിയൊരു പങ്ക് കെട്ടിക്കിടക്കുകയും ചെയ്തപ്പോൾ എഡിബിൾ ഓയിൽ എന്ന നിലയ്ക്ക് 15 രൂപ സബ്സിഡി നൽകി പാമോയിൽ റേഷൻ കടകൾ വഴി വിതരണം ചെയ്തു. ഈ സാഹചര്യത്തിൽ വെളിച്ചെണ്ണ കിലോയ്ക്ക് 15 രൂപ സബ്സിഡി നൽകി റേഷൻ കടകൾ വഴി വിതരണം ചെയ്യണമെന്ന് സർവ്വകക്ഷി യോഗത്തിലും കേന്ദ്രമന്ത്രിമാരോടും രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും സർക്കാർ ആവശ്യപ്പെട്ടുവെങ്കിലും യാതൊരു പ്രയോജനവുമുണ്ടായില്ല. കേരഫെഡ്ഡിന്റെ വിൽപ്പന കഴിഞ്ഞ വർഷത്തെക്കാൾ 60 ശതമാനം കുറയുകയും ചെയ്തു. ഇറക്കുമതി ചെയ്യപ്പെട്ട പാമോയിലിന് കിട്ടുന്ന ആനുകൂല്യമെങ്കിലും വെളിച്ചെണ്ണയ്ക്ക് കിട്ടണം. കേരളത്തിലെങ്കിലും വെളിച്ചെണ്ണ റേഷൻ കടകളിൽ കൂടി സബ്സിഡി നിരക്കിൽ വിതരണം ചെയ്യണമെന്നതാണ് സർക്കാരിന്റെ ആവശ്യം. ഇപ്പോൾ 300 ഗ്രാമിന് താഴെയുള്ള പാക്കറ്റ് വെളിച്ചെണ്ണയ്ക്ക് എഡിബിൾ ഓയിൽ അല്ല എന്ന നിലയിൽ 8.5 ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. അതും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വെളിച്ചെണ്ണയുടെ വിൽപ്പനയിൽ കമ്പോളത്തിൽ നിശ്ചലത ഉണ്ടാകുകയും ഒരു പ്രശ്നമായി രൂപപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാരിന് ചെയ്യാൻ പറ്റുന്ന കാര്യങ്ങളെല്ലാം ചെയ്തിട്ടുണ്ട്. മാർച്ച് മാസം മുതൽ ക്വിന്റലിന് കൊപ്രയ്ക്ക് 4450 രൂപ കേന്ദ്രം താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏറ്റവുംകൂടുതൽ കൊപ്ര സംഭരിച്ചത് കഴിഞ്ഞ രണ്ട് മാസത്തിനിടയിലാണ്. സംസ്ഥാന

സർക്കാർ പച്ചത്തേങ്ങ സംഭരിക്കുന്നതിന് 50 പൈസ സബ്സിഡി കൊടുക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇക്കാര്യം സഭാനടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. സി. എഫ്. തോമസ്: വളരെ ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യേണ്ട ഒരു വിഷയമല്ല ഇത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ സഭ ഒന്നായി ചർച്ച ചെയ്യേണ്ട വിഷയമാണ്. പാമോയിൽ റേഷൻ കടകളിൽ കൂടി സബ്സിഡി കൊടുത്ത് വിതരണം ചെയ്യുന്നതിനെ ക്കുറിച്ചും വെളിച്ചെണ്ണയ്ക്ക് സബ്സിഡി കൊടുക്കേണ്ട ആവശ്യത്തെ ക്കുറിച്ചും പാക്ക്ഡ് ഓയിലിന് ടാക്സ് കൊണ്ടുവരുന്നതിനെക്കുറിച്ചും പാർലമെന്റിൽ ആവശ്യപ്പെടാൻ അനുകൂലമായ സാഹചര്യം ഇന്നുണ്ട്. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് പ്രതിപക്ഷം എതിരല്ല. സർക്കാർ വളരെ തന്ത്രപൂർവ്വമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കുന്നത്. കേര കർഷകരുടെ ദയനീയാവസ്ഥ മനസ്സിലാക്കി ഒരു ക്വിന്റൽ കൊപ്രയ്ക്ക് 790 രൂപയുടെ വർദ്ധനവാണ് ഈ വർഷം കേന്ദ്ര ഗവൺമെന്റ് വരുത്തിയത്. സാധാരണ താങ്ങുവില നിശ്ചയിക്കുന്നത് സീസൺ പകുതി കഴിഞ്ഞാണെങ്കിൽ ഈ വർഷം ഫെബ്രുവരി 23-ന് താങ്ങുവില പ്രഖ്യാപിച്ചു. കൃഷിക്കാരുടെ കണക്കനുസരിച്ച് ജൂൺമാസമായിട്ടും 3500 ടൺ കൊപ്ര മാത്രമേ സംഭരിച്ചിട്ടുള്ളു. കൊപ്ര ശേഖരിക്കാനായി നാഫെഡിലെയും കേരഫെഡ്ഡിലെയും ഉദ്യോഗസ്ഥരുമായും സഹകരണസംഘം പ്രതിനിധികളുമായും കൃഷി വകുപ്പുമന്ത്രി മാർച്ച് മാസം ചർച്ച നടത്തിയെങ്കിലും ഒരു മാസത്തിനുശേഷമാണ് ഉത്തരവിറക്കിയത്. പതിനാല് ജില്ലകളിലെയും കൊപ്ര സംഭരണത്തിന് പ്രാഥമിക സംഘങ്ങളെ തെരഞ്ഞെടുക്കേണ്ടത് ജില്ലാ

കളക്ടർമാരാണ്. കൃഷിക്കാരുടെ ആവശ്യപ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ യോഗം വിളിച്ചു. മിക്ക സഹകരണ സംഘങ്ങൾക്കും കൊപ്ര സംഭരിക്കാനാവശ്യമായ കളം, ഡ്രയർ, ഗോഡൗൺ തുടങ്ങിയ സംവിധാനങ്ങളില്ലാത്തതിനാൽ ജില്ലാ കളക്ടറും സഹകരണ സംഘങ്ങളും ചേർന്ന് ഇക്കൊല്ലം സംഭരണം വേണ്ടെന്ന ധാരണയിലെത്തി. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ കൊപ്ര സംഭരണം നടത്തിയതിന്റെ കണക്ക് വിശദീകരിക്കണം. ഒരു നാളികേരത്തിന് മൂന്ന് രൂപ കർഷകന് ലഭിക്കുമ്പോൾ കമ്പോളത്തിൽ എട്ട് രൂപ വരെ കൊടുക്കേണ്ട അവസ്ഥയാണുള്ളത്. ഇടത്തട്ടുകാരുടെ വൻ ചൂഷണമാണ് ഈ മേഖലയിൽ നടക്കുന്നത്. മഴക്കാലം ശക്തിപ്പെട്ട് വരുന്നതുകൊണ്ട് നാളികേരം ഉണക്കാൻ സാധിക്കാത്തതിനാൽ പച്ചതേങ്ങ സംഭരിക്കുന്നതാണ് ഫലപ്രദമായ മാർഗ്ഗം. രാഷ്ട്രീയം മാറ്റിവച്ചുകൊണ്ട് കൊപ്ര സംഭരണം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

കൃഷി വകുപ്പുമന്ത്രി <u>(ശ്രീ. മുല്ലക്കര രത്നാകരൻ):</u> കേരളത്തിലെ നാളികേര കർഷകരും കർഷക സമൂഹവും ധാരാളം പ്രശ്നങ്ങൾ നേരിടുന്നുവെന്നുള്ളത് സത്യമാണ്. കൃഷി ഒരു സംസ്ഥാന വിഷയമാണ്. ഇറക്കുമതിയുടെ കാര്യത്തിലും ഇറക്കുമതി ചുങ്കത്തിന്റെ കാര്യത്തിലും തീരുമാനമെടുക്കുമ്പോൾ സംസ്ഥാനവുമായി ചർച്ച നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. ഇറക്കുമതി ചെയ്യപ്പെടുന്ന സാധനങ്ങൾ കമ്പോളത്തിൽ വരുമ്പോൾ റെഗുലേറ്റ് ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ചേർന്ന് ഒരു സംവിധാനമുണ്ടാക്കണമെന്നും കേന്ദ്രത്തോട്

ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രവുമായി ഒരു ധാരണയിലെത്തിക്കൊണ്ടുമാത്രമേ ഈ പ്രശ്നങ്ങളെ നേരിടാൻ സാധിക്കുകയുള്ളു. ഇത് സർവ്വകക്ഷിയോഗത്തിൽ ഉന്നയിക്കേണ്ട വിഷയമാണ്. കൊപ്ര സംഭരണത്തിന് സാദ്ധ്യമായ എല്ലാ കാര്യങ്ങളും ഈ സർക്കാർ ചെയ്യുന്നുണ്ടെങ്കിലും പലയിടത്തും ഡ്രയർ യൂണിറ്റുകൾ കേടായതിന്റെയും മറ്റും പ്രശ്നങ്ങളുണ്ട്. 2009 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ 4214 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്. കൊപ്രയുടെ ക്വാളിറ്റി പരിശോധിക്കുന്നതിന് മൊത്തത്തിൽ ഒരു ഏജൻസിയെയാണ് നാഫെഡ് നിയോഗിച്ചിരിക്കുന്നത്. ആ പരിശോധനയിൽ ആറ് ശതമാനത്തിലധികം മോയിസ്ചർ കണ്ടന്റുണ്ടെങ്കിൽ അത് റിജക്ട് ചെയ്യപ്പെടും. കേരളത്തിൽ മൺസൂൺകാലത്ത് ആറ് ശതമാനത്തിലധികം മോയിസ്ചർ ഉണ്ടാകാനുള്ള സാദ്ധ്യത കൂടുതലാണ്. സൊസൈറ്റികളിൽ നിന്ന് പരിശോധനയ്ക്ക് കൊണ്ടുവരുന്ന കൊപ്ര ചാക്കുകളിൽ കുത്തിനോക്കിയിട്ട് ക്വാളിറ്റിയില്ലെന്നു പറഞ്ഞ് റിജക്ട് ചെയ്യുകയാണ്. അതുകൊണ്ട് മൺസൂൺ കാലത്ത് ജലാംശം 7% ആക്കി വർദ്ധിപ്പിച്ച് കൊപ്ര സംഭരിക്കണമെന്നാണ് കേരഫെഡിന്റേയും നാഫെഡിന്റേയും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ വന്നിട്ടുള്ള ആവശ്യം. ഇക്കാര്യം അംഗീകരിക്കണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ സംഭരിച്ചുകൊണ്ടുവരുന്ന കൊപ്രയിലെ ജലാംശം ചിലപ്പോൾ 8% വരെയാണെന്ന് കണ്ടിട്ടുണ്ട്. ആറും ഏഴും എട്ടും ശതമാനമായാൽപ്പോലും അത് സെക്കന്റ് ക്വാളിറ്റിയായി പത്തോ നൂറോ രൂപ വിലകുറച്ച് പ്രൊക്യൂർ ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് നാഫെഡിന്റേയും

കേരഫെഡിന്റേയും ഉദ്യോഗസ്ഥർ മലബാറിലെ ജില്ലകളിൽ റിവ്യൂ മീറ്റിംഗ് നടത്തിവരികയാണ്. കേന്ദ്രഗവൺമെന്റ് നാളികേര കർഷകർക്കെതിരായി പിന്തുടർന്നുപോരുന്ന തെറ്റായ നയങ്ങൾ തിരുത്താനുള്ള കൂട്ടായ ശ്രമമാണ് ഉണ്ടാകേണ്ടത്. സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല.

പ്രതിപക്ഷ നേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: കേന്ദ്ര ഗവൺമെന്റ് ക്വിന്റലിന് 4450 രൂപ താങ്ങുവില നിശ്ചയിച്ചുകൊണ്ട് കൊപ്ര സംഭരിക്കാൻ തീരുമാനിച്ചുവെങ്കിലും കേരള സർക്കാർ കാര്യക്ഷമതയോടുകൂടി കൊപ്ര സംഭരണം നടത്താത്തതുകൊണ്ട് ഇതിന്റെ ഗുണഫലം നാളികേര കർഷകർക്ക് കിട്ടുന്നില്ല. ലക്ഷ്യമിട്ടതിന്റെ 10 ശതമാനം കൊപ്ര പോലും സംഭരിച്ചിട്ടില്ല. രാജ്യത്താകമാനം ഒന്നേകാൽ കോടി ടൺ ഭക്ഷ്യഎണ്ണ വേണ്ടിടത്ത് നാലര ലക്ഷം ടൺ വെളിച്ചെണ്ണയാണ് ഉൽപാദിപ്പിക്കുന്നത്. അതുകൊണ്ടാണ് ഭക്ഷ്യഎണ്ണ ഇറക്കുമതി ചെയ്യേണ്ടിവരുന്നത്. ജനങ്ങളുടെ ആവശ്യം നിറവേറ്റാനും കർഷകർക്ക് ന്യായവില ലഭ്യമാക്കാനുമാണ് കേന്ദ്രഗവൺമെന്റ് കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിച്ചത്. തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച നിരക്കിൽ കൊപ്രസംഭരണം ഫലപ്രദമായി നടപ്പാക്കിയത്. നാഫെഡ് കേരഫെഡിനേയും മാർക്കറ്റ് ഫെഡറേഷനേയും അവരുടെ നോഡൽ ഏജൻസിയായി സജസ്റ്റ് ചെയ്തിരുന്നെങ്കിലും കേരഫെഡിനെ മാത്രം നിലനിർത്തുന്നതിനുള്ള സങ്കുചിതമായ സമീപനമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് കൊപ്ര

സംഭരണം കേന്ദ്രം നിശ്ചയിച്ചിട്ടുള്ള തറവിലയുടെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കേരഫെഡ് വഴി കൊപ്ര സംഭരിക്കുന്നതിൽ എന്തെങ്കിലും പാളിച്ച പറ്റിയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. നാളികേരത്തിനും കൊപ്രയ്ക്കും വിലയിടിയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം പാമോയിലിന്റെ ഇറക്കുമതിയും കേന്ദ്ര സർക്കാർ പാമോയിലിന് അനുവദിച്ചിട്ടുള്ള സബ്സിഡിയുമാണ്. പാമോയിൽ ഇറക്കുമതി നിർത്തലാക്കണമെന്ന കേരള സർക്കാരിന്റെയും കേര കർഷകരുടെയും നിരന്തരമായ ആവശ്യത്തിന് പരിഹാരം ഉണ്ടാകാതെ കേരഫെഡ് വഴി മാത്രമുള്ള സംഭരണംകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചു വരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>രാജ്യാന്തര ജലജന്യരോഗ പഠന ഗവേഷണ കേന്ദ്രം</u>

<u>ശ്രീ. ബി. ബാബു പ്രസാദ് :</u> അടിക്കടിയുണ്ടാകുന്ന പകർച്ചവ്യാധികൾ മൂലം ആലപ്പുഴ ജില്ലയിലെ ജനങ്ങൾ കഷ്ടത അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. 2007-ൽ ചേർത്തലയിലുണ്ടായ ചിക്കുൻഗുനിയ, മറ്റ് ജലജന്യ രോഗങ്ങൾ, കൊതുകുജന്യ രോഗങ്ങൾ തുടങ്ങിയവമൂലം നിരവധി ആളുകൾ മരിക്കുകയുണ്ടായി. രോഗബാധിതരുടേയും രോഗബാധമൂലം വൈകല്യം സംഭവിച്ചവരുടേയും എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിരിക്കുകയാണ്. കോളറ, മഞ്ഞപ്പിത്തം, ഛർദ്ദ്യതിസാരം, ടൈഫോയ്ഡ് എന്നിവമൂലം ആയിരക്കണക്കിന് ആളുകൾ വണ്ടാനം മെഡിക്കൽ കോളേജിലും ആലപ്പുഴ ടൗൺ മെഡിക്കൽ കോളേജിലും മറ്റ് വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലുമായി ചികിൽസയിലാണ്. ഓരുവെള്ളവും ഫ്ളൂറൈഡ്, കോളിഫോം തുടങ്ങിയവ കലർന്ന വെള്ളവും കുടിക്കുന്നതുമൂലമാണ് രോഗം ബാധിക്കുന്നത്. ആലപ്പുഴയിലും കൈനകരി പ്രദേശത്തും ശുദ്ധജലം എത്തിക്കേണ്ടതുണ്ട്. കുട്ടനാട്ടിലുണ്ടായിരിക്കുന്ന പാരിസ്ഥിതിക ആഘാതമാണ് മറ്റൊരു ഘടകം. ആലപ്പുഴ ജില്ലയിൽ പകർച്ചപ്പനി വ്യാപകമായ സാഹചര്യത്തിൽ രക്ത സാമ്പിളുകൾ പരിശോധിച്ച് രോഗനിർണ്ണയം നടത്താൻ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ടെങ്കിലും പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് സഹായകരമായ വിധത്തിലുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ട് സ്ഥാപനങ്ങൾക്കും സ്വതന്ത്ര ചുമതലയുള്ള മേധാവികൾ പോലുമില്ല. ഈ

സാഹചര്യത്തിൽ വിവിധ മേഖലകളിൽനിന്ന് പ്രശ്ന പരിഹാരത്തിനായി നിർദ്ദേശങ്ങൾ വരികയും മലയാള മനോരമ സംഘടിപ്പിച്ച സെമിനാറിൽ കാര്യമാത്രപ്രസക്തമായ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയുടേയും സഹകരണവും കയറും ദേവസ്വവും വകുപ്പ്മന്ത്രിയുടേയും ഭാഗത്തുനിന്നുണ്ടാകുകയും ആരോഗ്യ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കുകയുമുണ്ടായി. പകർച്ചവ്യാധി ഭീഷണി നേരിടുന്ന ഈ അവസ്ഥയിൽപ്പോലും വണ്ടാനം മെഡിക്കൽ കോളേജിൽ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇതുവരെ കെട്ടിടം പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. വണ്ടാനം മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന മൈക്രോ *ബയോളജി ലാബ്* ശനി, ഞായർ ദിവസങ്ങളിൽ പ്രവർത്തിക്കുന്നില്ല. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രതിവിധിയാകേണ്ട ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉദ്ദേശിച്ച ഫലം ചെയ്യാത്ത സാഹചര്യത്തിൽ ആലപ്പുഴയിലോ കുട്ടനാട്ടിലോ ഒരു രാജ്യാന്തര ജലജന്യരോഗ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ജലജന്യരോഗങ്ങളും കൊതുകുജന്യരോഗങ്ങളും നേരിടുന്ന ആലപ്പുഴ ജില്ലയിലെ ജലാശയങ്ങൾ അങ്ങേയറ്റം മലീമസമാണ്. കുടി വെള്ളം ശുദ്ധമല്ല. കുടിവെള്ള ക്ഷാമം പരിഹരിക്കാൻ താൽക്കാലികമായി നടപടി ഉണ്ടാകുകയും ദീർഘകാല പദ്ധതി എന്ന നിലയിൽ കുട്ടനാട് കൈനകരി പ്രദേശത്ത് 200 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ടിന് അംഗീകാരം കൊടുക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ

കാര്യങ്ങളിലും ഗവൺമെന്റ് സജീവമായി ഇടപെടുന്നുണ്ടെങ്കിലും പെട്ടെന്ന് പ്രതിഫലനം ഉണ്ടാകാത്ത വിധത്തിലുള്ളതാണ് ആലപ്പുഴ ജില്ലയിലെ പൊതുസ്ഥിതി. ഗ്ലോബൽ വാമിംഗിന്റെ ഭാഗമായിട്ടാണ് മുൻകാലങ്ങളിൽ ചിക്കുൻ ഗുനിയ, ഡെങ്കിപ്പനി, എലിപ്പനി എന്നീ രോഗങ്ങൾ ഉണ്ടായത്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വെള്ളത്തിലിറങ്ങേണ്ടി വരുന്നവർക്ക് എലിപ്പനിയുണ്ടാകുകയും അത് മരണത്തിന് കാരണമാകുകയും ചെയ്യുന്നുവെന്നുള്ളത് വളര ഉൽകണ്ഠാജനകമാണ്. ആലപ്പുഴ ജില്ലയിൽ ഈ വർഷം കോളറ ബാധിച്ച 18 കേസ്സുകൾ കണ്ടെത്തിയതിൽ ഒരാൾ മരിച്ചെങ്കിലും ആരോഗ്യവകുപ്പും തദ്ദേശസ്വയം ഭരണ വകുപ്പും ജനങ്ങളും ഒത്തൊരുമയോടെ പ്രവർത്തിച്ചതിന്റെ ഫലമായി അത് ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. രോഗങ്ങൾ വന്ന് കഴിഞ്ഞാൽ ചികിത്സക്ക് ഫലപ്രദമായ സൗകര്യങ്ങൾ ഉണ്ടാക്കേണ്ടത് അനിവാര്യമാണെന്ന നിലയിൽ ഗവൺമെന്റ് ആലുപ്പുഴ ജില്ലയിൽ രോഗ ചികിൽസയ്ക്ക് സുപ്രധാനമായ പല പരിപാടികളും കൈക്കൊണ്ടിട്ടുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും ഹോസ്പിറ്റലിനോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രി ഷിഫ്റ്റ് ചെയ്യാനും അത് ജനറൽ ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യാനും സാധിച്ചു. ഈ വർഷം ഒക്ടോബർ മാസം 2-ാം തീയതിക്കുള്ളിൽ ആലപ്പുഴ മെഡിക്കൽ കോളേജ് പൂർണ്ണമായും വണ്ടാനത്തേയ്ക്ക് മാറ്റാനുള്ള പ്രവർത്തനം നടക്കുകയാണ്. ആലപ്പുഴ ജില്ലയിലെ വിവിധ ആശുപത്രികളിലെ പ്രവർത്തനം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ചേർത്തല, ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, കായംകുളം എന്നി വിടങ്ങളിൽ സാങ്ഷൻഡ് പോസ്റ്റുകളിൽ ഡോക്ടർമാരും നഴ്സുമാരും മറ്റ്

പാരാമെഡിക്കൽ ജീവനക്കാരും മരുന്നും ചികിത്സിക്കാനുള്ള മറ്റ് സംവിധാനങ്ങളുമുണ്ട്. എന്നാലും ഒരുപാട് പരിമിതികൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. കാർഡിയോളജി വിഭാഗം ശക്തമല്ല. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാത്ത് ലാബിന്റെ പ്രവർത്തനത്തിനാവശ്യമായ പണം അനുവദിച്ചിട്ടുണ്ട്. ജനറൽ ഹോസ്പ്പിറ്റലിൽ ഒരു കോടി രൂപയുടെ പുതിയ എക്യുപ്മെന്റ്സ്, പുതിയ തസ്തിക എന്നിവ അനുവദിച്ചിട്ടുണ്ട്. ചേർത്തല താലൂക്ക് ആശുപത്രിയിൽ മോർച്ചറി, നൂറ് ബെഡ്ഡുള്ള കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനമൊക്കെ നടത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയ്ക്ക് പ്രത്യേക ആരോഗ്യ പാക്കേജ് എന്ന വിഷയത്തെക്കുറിച്ച് മലയാളമനോരമ പത്രത്തിന്റ ആഭിമുഖ്യത്തിൽ നടത്തിയ സെമിനാറിൽ ജനപ്രതിനിധികൾ ഉൾപ്പെടെ എല്ലാ ഭാഗത്തു നിന്നും ഈ പാക്കേജ് വേണമെന്നുള്ള ആവശ്യം ഉന്നയിക്കുകയും അതു സംബന്ധിച്ചുള്ള നിവേദനം രണ്ട് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ ഗവൺമെന്റിന് നൽകുകയുമുണ്ടായി. ഇത് സംബന്ധിച്ച് ചർച്ച ചെയ്ത് കേന്ദ്ര ഗവൺമെന്റിൽ റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ ആലപ്പുഴ ജില്ല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. രാജ്യാന്തര നിലവാരമുള്ള ജലജന്യരോഗപഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ ഒരു തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(2) <u>റെയിൽവേ സോണും റെയിൽവേയുടെ വിവിധ ഫാക്ടറികളും</u>

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള:</u> റയിൽവേ സോൺ അനുവദിക്കുക എന്നത് സംസ്ഥാന ഗവണ്മെന്റിന്റെ ദീർഘകാലമായുള്ള ആവശ്യമാണ്. തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകളാണ് ഇപ്പോൾ നിലവിലുള്ളത്..

മൊത്തത്തിലുള്ള വരുമാന വർദ്ധനവ് പരിശോധിച്ചാൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് 13 ശതമാനം റവന്യൂ വർദ്ധനവ് ഇൻഡ്യൻ റയിൽവേയ്ക്ക് ഉണ്ടാക്കിക്കൊടുക്കാൻ കേരളത്തിന് സാധി.ച്ചിട്ടുണ്ട്. ഡിവിഷനുകൾ പല സംസ്ഥാനങ്ങളിലായി ചേർന്നുകിടക്കുന്നതുമൂലം യാത്രക്കാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു സോൺ ഉണ്ടാകേണ്ടത് ആവശ്യമാണ്. പാലക്കാട് ഒരു കോച്ച് ഫാക്ടറി തുടങ്ങുമെന്ന റെയിൽവേ ബഡ്ജറ്റിലെ വാഗ്ദാനം ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. കോച്ച് ഫാക്ടറി തുടങ്ങിയാൽ 5000 പേർക്ക് പ്രത്യക്ഷമായും രണ്ടായിരത്തി അഞ്ഞൂറോളം പേർക്ക് പരോക്ഷമായും ജോലി ലഭിക്കും. അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ചേർത്തലയിൽ ഓട്ടോകാസ്റ്റുമായി ചേർന്ന് വാഗൺ ഫാക്ടറി തുടങ്ങുമെന്ന് പറഞ്ഞെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതിവേഗ തീവണ്ടിപ്പാത നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ സോൺ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതിനായി സഭ ഒന്നാകെ ആവശ്യപ്പെടണം. നേമത്തുള്ള 50 ഏക്കർ സ്ഥലം ഉപയോഗിച്ച് ബോഗി മെയിന്റനൻസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ)</u> : 15-6-2009-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിമാരുടേയും എം.പി. മാരുടേയും സംയുക്ത യോഗത്തിൽ റെയിൽവേ വികസനം സംബന്ധിച്ച് സമഗ്രമായി ചർച്ച ചെയ്യുകയും ആവശ്യങ്ങൾ മുൻഗണനാക്രമത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ ഉന്നയിക്കണമെന്ന് ഏകകണ്ഠമായി തീരുമാനിക്കുകയും ചെയ്തു. മുൻഗണനാക്രമത്തിലെ ആദ്യത്തെ വിഷയം

റെയിൽവേ സോണാണ്. ഇതിനായി കേന്ദ്ര റെയിൽവേ മന്ത്രിക്കും റെയിൽവേ സഹമന്ത്രിക്കും മെമ്മോറാണ്ഡം സമർപ്പിക്കുകയും 18-6-2009-ൽ റെയിൽവേ സഹമന്ത്രിയെ നേരിട്ട് കണ്ട് ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും അതിനുശേഷം മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റുമായി ഈ വിഷയം പ്രത്യേകം ചർച്ച ചെയ്യുകയും ചെയ്തു. സോൺ ലഭ്യമായാൽ മറ്റ് പ്രശ്നങ്ങളൊക്കെ പരിഹരിക്കാൻ സാധിക്കും. കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പാലക്കാട് കോച്ച് ഫാക്ടറിയും ചേർത്തല വാഗൺഫാക്ടറിയും കേന്ദ്ര ഗവണ്മെന്റിന്റെ നൂറ് ദിവസത്തെ പരിപാടിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും അനുകൂലമായ പ്രതികരണം രേഖാമൂലം ലഭിച്ചിട്ടുണ്ട്. മംഗലാപുരം മുതൽ കന്യാകുമാരി വരെയുള്ള റെയിൽവേ ഡബ്ളിംഗും ഇലക്ട്രിഫിക്കേഷനും സമയബന്ധിതമായി നടപ്പാക്കാൻ സാധിച്ചാൽ സംസ്ഥാനത്തെ ടൗണുകളെ ബന്ധിപ്പിച്ച് സബർബൻ ട്രെയിനുകൾ ആരംഭിക്കാൻ സാധിക്കുമെന്നതും ഇതിന്റെ ഭാഗമായി ഉന്നയിച്ചിട്ടുണ്ട്. കൊല്ലം-പുനലൂർ പാത ഗേജ് കൺവെർഷൻ കേന്ദ്ര ഗവൺമെന്റിന്റെ നൂറ് ദിവസത്തെ പരിപാടിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ മുൻകൂറായി 100 കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലമ്പൂർ-നഞ്ചങ്കോട്, തലശ്ശേരി-മൈസൂർ, കാഞ്ഞങ്ങാട്-പനത്തൂർ, കൊല്ലങ്കോട്-തൃശ്ശൂർ, അങ്ങാടിപ്പുറം-കോഴിക്കോട്, ഇടപ്പള്ളി-ഗുരുവായൂർ, ശബരിമല-ചെങ്ങന്നൂർ, പത്തനംതിട്ട-പുനലൂർ-തിരുവനന്തപുരം ഇതൊക്കെ പുതിയതായി അനുവദിക്കേണ്ട ലൈനുകളാണ്.

നിലവിൽ അനുവദിച്ചിട്ടുള്ള അങ്കമാലി-അഴുത ശബരി റെയിലും ഗുരുവായൂർ -താനൂരും പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടുത്ത റെയിൽവേ ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്താൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. പീര്യോഡിക്കലായി മെയിന്റനൻസ് നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനായി നേമത്തെ 50 ഏക്കർ സ്ഥലത്ത് കോച്ച് മെയിന്റനൻസ് ഫാക്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടം

ശ്രീ. വി.എൻ. വാസവൻ: കോട്ടയം ജില്ലാ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ജീർണ്ണാവസ്ഥയിലായ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ കെട്ടിടം ഒരു ഷോപ്പിംഗ് കോംപ്ളക്സോടുകൂടി പുതുക്കിപ്പണിയാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ച്യുതാനന്ദൻ): കോട്ടയം ബസ് സ്റ്റേഷനിൽ പുതിയ ബസ് ടെർമിനലും ഷോപ്പിംഗ് കോംപ്ളക്സും പണിയാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. നിലവിലുള്ള ബസ് സ്റ്റേഷന്റെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനുള്ള അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 30-5-2009-ന് സെലക്ഷൻ നോട്ടീസ് നൽകിക്കഴിഞ്ഞു. അടിയന്തിരമായി ജോലികൾ നടത്തുന്നതാണ്.

(2) ആദിച്ചനെല്ലൂർ, നെടുമ്പന പ്രദേശങ്ങളിലൂടെ ബസ് സർവ്വീസ്

ശ്രീ. എൻ. അനിരുദ്ധൻ: മെഡിക്കൽ കോളേജ്, ടി.ബി. ആശുപത്രി, ഹൈസ്ക്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളുള്ള ആദിച്ചനെല്ലൂർ, നെടുമ്പന പ്രദേശങ്ങളിലായി നിലവിലുണ്ടായിരുന്ന ബസ് സർവ്വീസ് പുന:സ്ഥാപി

ക്കാനോ ചെയിൻ സർവ്വീസ് ആ പ്രദേശത്തേയ്ക്ക് കൂടി ഡൈവെർട്ട് ചെയ്യാനോ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 782 പുതിയ സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്,. ചാത്തന്നൂർ ഡിപ്പോയിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ എട്ട് പുതിയ ഷെഡ്യൂളുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 12 റൂട്ടുകളിൽ പുതിയ ചെയിൻ സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. ദേശസാൽകൃത മേഖലകളിലും സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള ഏറ്റെടുക്കേണ്ട സപ്ളിമെന്റേഷൻ സ്കീമിൽപ്പെട്ട 31 റൂട്ടുകളിലുമാണ് മുൻഗണനാടിസ്ഥാനത്തിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. വിയ്യന്നൂർ വഴി കൊല്ലം കുളത്തൂപ്പുഴ റൂട്ടിൽ 10 ചെയിൻ സർവ്വീസുകൾ ഉണ്ട്. കൂടുതൽ ബസ്സുകൾ നിരത്തിലിറക്കുന്നതനുസരിച്ച് കൂടുതൽ പുതിയ സർവ്വീസുകൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) നിലമ്പൂർ താലൂക്കാശുപത്രി

ശ്രീ. ആര്യാടൻ മുഹമ്മദ്: നിരവധി ആളുകൾ ആശ്രയിക്കുന്ന നിലമ്പൂർ താലൂക്കാശുപത്രിയിൽ ഡോക്ടർമാർ, ലാബ് ടെക്നീഷ്യൻസ്, ഫാർമസിസ്റ്റ് എന്നിവരുടെ കുറവ് അവിടത്തെ പ്രവർത്തനത്തെ ബാധിച്ചിരിക്കുകയാണ്. രണ്ട് സിവിൽ സർജന്മാരും 12 അസിസ്റ്റന്റ് സർജൻമാരും ഉൾപ്പെടെ 14 ഡോക്ടർമാരാണുള്ളത്. സ്പെഷ്യാലിറ്റി കേഡർ അനുസരിച്ച് 22 ഡോക്ടർമാരുടെ ഒരു പ്രൊപ്പോസൽ നിലവിലുണ്ട്. പീഡിയാട്രീഷ്യന്റേയും ഓർത്തോ വിഭാഗം ഡോക്ടർമാരുടെയും ടോട്ടൽ സ്ട്രെംഗ്ത് മൂന്നാക്കി മാറ്റി നിലവിലുള്ള പ്രൊപ്പോസൽ അടിയന്തിരമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ട്രൈബൽ മേഖലയിൽ നിന്നുള്ള രോഗികൾ ആശ്രയിക്കുന്ന നിലമ്പൂർ താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ സാംഗ്ഷൻഡ് പോസ്റ്റ് 14 ആണ്. കൂടാതെ എൻ. ആർ.എച്ച്.എം. മുഖേനയും ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്. ട്രൈബൽ മേഖല ഉൾപ്പെടുന്ന ഒരു പ്രദേശമെന്ന നിലയിലും മറ്റു വലിയ ആശുപത്രികളില്ലാത്തതുകൊണ്ടും കൂടുതൽ ഡോക്ടർമാരെ അവിടെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി കേഡർ അഡ്മിനിസ്ട്രേറ്റീവ് കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ എണ്ണം ഒരു താലൂക്കാശുപത്രിയിൽ എത്ര കൂടുതൽ വരുമെന്നുള്ളത് സംബന്ധിച്ച് ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലും പി.എച്ച്.സി.-കളിലും ജോലി ചെയ്യുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ മേജർ ആശുപത്രികളിലേയ്ക്ക് ഒരു മാസത്തിനകം തിരിച്ചുകൊണ്ടുവരാൻ കഴിയും. ജില്ലാ-ജനറൽ -താലൂക്ക് ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(4) തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ നിയമനങ്ങൾ

ശ്രീ. യു.സി. രാമൻ: ക്ഷേമനിധി ബോർഡുകളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ നിലിവിലില്ലാത്തതിനാൽ അംശദായം അടയ്ക്കുന്ന തൊഴിലാളികൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കുന്നില്ല. കൂടാതെ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ ജോയിന്റ് ലേബർ കമ്മിഷണർമാരും ഇല്ലാത്ത സ്ഥിതിയാണ്. ഈ മേഖലയുമായി ബന്ധമുള്ള ആളുകളെ ക്ഷേമനിധി ബോർഡുകളിൽ നിയമിച്ച് തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : ക്ഷേമനിധി ബോർഡുകളിൽ ആവശ്യമായ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഉൾപ്പെടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ഡി.പി.സി. കൂടുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. ലേബർ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥരുടെ കുറവ് സെസ്സ് പിരിവിനെ പ്രതികൂലമായി ബാധിക്കുന്നതിനാൽ തുക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുന്നതാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ലേബർ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ വകുപ്പുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്.

(5) സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി

ശ്രീ. പി. ജയരാജൻ : സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരണം എൻട്രി കേഡർ നിയമനങ്ങളെ ബാധിക്കുകയില്ലെന്ന് ഉറപ്പ് തന്നിട്ടുണ്ടെങ്കിലും അതിനുള്ള നടപടികൾ സ്വീകരിക്കാതെ നിയമന നിരോധനം നടപ്പിലാക്കാൻ പോകുന്നുവെന്നുള്ള പ്രചരണം നടക്കുന്നതിനാൽ ഇതുസംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് ഉണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർക്കാർ ജീവനക്കാരുടെ വിരമിക്കൽ തീയതി ഏകീകരണത്തിലൂടെ ഈ വർഷം നിയമനങ്ങൾ മുടങ്ങുമെന്നുള്ള ആശങ്കയ്ക്ക് അടിസ്ഥാനമില്ല. അതാത് ഡിപ്പാർട്ട്മെന്റിലെ നിയമനോദ്യോഗസ്ഥർതന്നെ എൻട്രി കേഡറിൽ

സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്ന കാര്യം ക്യാബിനറ്റിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് 10 ദിവസത്തിനുള്ളിൽ ഉത്തരവ് ഇറങ്ങുന്നതാണ്. ഈ വർഷത്തെ ഒഴിവുകൾ മുഴുവൻ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത വർഷത്തേയ്ക്കുള്ള ഒഴിവുകൾ ജൂൺ 30-നകം റിപ്പോർട്ട് ചെയ്യുന്നതിന് ഉത്തരവിറക്കിയിട്ടുണ്ട്.

(6) പോലീസ് സ്റ്റേഷൻ ആക്രമണം

ശ്രീ. എം.എ .വാഹീദ് : പേരൂർക്കട പോലീസ് സ്റ്റേഷനിൽ കടന്നുകയറി സബ് ഇൻസ്പെക്ടറേയും വനിത പോലീസ് കോൺസ്റ്റബിളിനേയും ആക്രമിച്ച ഡി.വൈ.എഫ്.ഐ.ക്കാരെ അറസ്റ്റ് ചെയ്യുന്നതിനും പോലീസ് സേനയെ സ്ട്രെങ്തെൻ ചെയ്യുന്നതിനും സ്റ്റേഷൻ ഹൗസ് ആഫീസർമാർക്ക് ആവശ്യമായ സംരക്ഷണം കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): തിരുവനന്തപുരം പേരൂർക്കട പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പറമ്പുകോണത്തുവച്ച് 27-06-09-ന് അനിൽ കുമാർ, രഞ്ജിത്ത് എന്നീ രണ്ടുപേർ തമ്മിൽ അടിപിടിയുണ്ടാവുകയും വിവരമറിഞ്ഞ് എസ്.ഐ.യും സംഘവും സ്ഥലത്തെത്തിയപ്പോൾ അക്രമികൾ ഓടിപ്പോവുകയും അനിൽ കുമാർ സ്ഥലത്തുപേക്ഷിച്ചുപോയ മോട്ടോർ സൈക്കിൾ പോലീസ് കസ്റ്റഡിയിലെടുക്കുകയും ചെയ്തു. രഞ്ജിത്ത് തന്നെ മർദ്ദിച്ചുവെന്ന് അനിൽ കുമാർ പരാതി നൽകിയതിന്റെയടിസ്ഥാനത്തിൽ പേരൂർക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചികിത്സയിൽ കഴിയുകയായിരുന്ന രഞ്ജിത്തിൽ നിന്ന് മൊഴിയെടുക്കുകയും അനിൽ കുമാറിനേയും

മറ്റ് കണ്ടാലറിയാവുന്നവരേയും പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്യുകയുമുണ്ടായി. 28-06-09-ന് അനിൽ കുമാർ, സായി ദാസ് എന്നയാളുമായി പേരൂർക്കട പോലീസ് സ്റ്റേഷനിൽ വരുകയും സായി ദാസ് മറ്റൊരു കേസിൽപ്പെട്ടിട്ടുള്ളയാളാണെന്ന് മനസ്സിലായതിനെത്തുടർന്ന് നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയശേഷം തിരികെ പേരൂർക്കട പോലീസ് സ്റ്റേഷനിൽ കൊണ്ടുവരുകയും അന്നേ ദിവസം വൈകുന്നേരം സായി ദാസിന്റെ സുഹൃത്തുക്കളായ കുറച്ചുപേർ പേരൂർക്കട പോലീസ് സ്റ്റേഷനിലെത്തി അനിൽ കുമാറിന്റെ മോട്ടോർ സൈക്കിൾ തിരിച്ചുകിട്ടണമെന്നാവശ്യപ്പെട്ട് എസ്.ഐ.യേയും വനിത പോലീസ് കോൺസ്റ്റബിളിനേയും അസഭ്യം പറയുകയും പിടിച്ചുതള്ളുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവത്തിന് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതിനോടനുബന്ധിച്ച് അനിൽ കുമാറിനെ കസ്റ്റഡിയിലെടുക്കുകയും മറ്റ് പ്രതികളെ പിടികൂടാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തി വരികയുമാണ്. ഇത്തരം പ്രവണതകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ കമ്മീഷണർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ സംഭവത്തിന്റെ ഗൗരവം അനുസരിച്ച് നടപടി സ്വീകരിക്കാൻ മറ്റ് വകുപ്പുകൾ ചേർക്കേണ്ടതുണ്ടെങ്കിൽ ചേർത്തുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(7) <u>പാഡി പേയ്മെന്റ് ഓഫീസ്</u>

<u>ശ്രീ. മുരളി പെരുനെല്ലി:</u> തൃശ്ശൂർ ജില്ലയിലെ നെൽക്കർഷകർക്ക് പി.ആർ.എസ്. ലഭിച്ചാൽ തുക ലഭിക്കുന്നതിന് പാലക്കാടുള്ള പാഡിപേയ്മെന്റ് ഓഫീസിൽ പോകേണ്ടി വരുന്ന അവസ്ഥ കർഷകർക്ക്

പ്രയാസവും തുക ലഭിക്കുന്നതിന് കാലതാമസവുമുണ്ടാക്കുന്നതുകൊണ്ട് തൃശ്ശൂർ ജില്ലയിൽ ഒരു പാഡി പേയ്മെന്റ് ഓഫീസ് തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): തൃശ്ശൂർ ജില്ലയിലെ നെൽ കർഷകർക്ക് സംഭരിച്ച നെല്ലിനുള്ള തുക പൂർണ്ണമായി നൽകിക്കഴിഞ്ഞു. വിളവെടുപ്പ് വർദ്ധിക്കുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരേയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി പാഡി പേയ്മെന്റ് ഓഫീസ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതും നിലവിലുള്ള പ്രവർത്തനത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതുമാണ്.

(8) ഉപരിപഠനത്തിന് വേണ്ടത്ര സീറ്റുകൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: 2009-2010 അദ്ധ്യയന വർഷത്തിൽ മലപ്പുറം ജില്ലയിൽ പ്ലസ് ടൂ സ്ക്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കുകയും പ്ലസ് ടൂ ഇല്ലാത്ത പഞ്ചായത്തുകളിൽ പ്ലസ് ടൂ കോഴ്സ് ആരംഭിക്കുകയും ചെയ്യണം. പ്രൊഫഷണൽ കോഴ്സുകളിലുൾപ്പെടെ ഉപരിപഠനത്തിനുള്ള സീറ്റുകൾ ഉറപ്പാക്കുകയും കൂടുതൽ കോളേജുകൾ ആരംഭിക്കുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): മലപ്പുറം ജില്ലയിൽ പ്ലസ് ടൂ പ്രവേശനത്തിന് 51198 അപേക്ഷകളാണ് ലഭിച്ചതെങ്കിലും ഹയർ സെക്കന്ററിയിൽ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലും വി.എച്ച്.എസ്.സി., പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ, ഐ.ടി.സി.കൾ എന്നിവയിലുമായി ആകെ 53,631 സീറ്റുകൾ ഇപ്പോൾ ഉപരിപഠനത്തിന് ലഭ്യമാണ്. ഇതിനു പുറമേ വൊക്കേഷണൽ

ഹയർ സെക്കൻററിയിൽ പത്ത് ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഓപ്പൺ സ്ക്കൂൾ സംവിധാനവും ഉപരിപഠനത്തിന് വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ഈ വർഷത്തെ പ്രവേശനത്തിന്റെ പ്രവണത കൂടി പരിഗണിച്ച് കൂടുതൽ സീറ്റുകൾ അനുവദിക്കേണ്ടതാവശ്യമാണെങ്കിൽ പരിശോധിക്കുന്നതാണ്. ഗവൺമെന്റ് സീറ്റുകൾ ഏതെല്ലാം സ്ക്കൂളുകളിൽ ഏതെല്ലാം കോമ്പിനേഷനുകളിലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന വിവരം വെബ്സൈറ്റിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ വിദൂര വിദ്യാഭ്യാസ സംവിധാനവും വിദ്യാർത്ഥികൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിനുപുറമേ സാധ്യമായ നിലയിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ള കാര്യം പരിശോധിക്കുന്നതാണ്. പ്ലസ് ടൂവിന് എല്ലാ വർഷവും കൊടുക്കാറുള്ളതു പോലെ ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(9) പ്രൊഫഷണൽ കോളേജുകളുടെ അഫിലിയേഷൻ

ശ്രീ. തോമസ് ഉണ്ണിയാടൻ: കേരളത്തിലെ പ്രമുഖമായിട്ടുള്ള നാല് പ്രൊഫഷണൽ കോളേജുകളുടെ അഫിലിയേഷൻ കാലിക്കറ്റ് സർവ്വകലാശാല റദ്ദാക്കിയത് പുന:സ്ഥാപിക്കുന്നതിന് നടപടിയുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): വിദ്യാർത്ഥി പ്രവേശനം, ഫീസ് എന്നിവയുടെ കാര്യത്തിൽ യൂണിവേഴ്സിറ്റി നിയമങ്ങൾ അനുസരിച്ച് പ്രവർത്തിക്കും എന്ന നിബന്ധനയിലാണ് അമല കോളേജ് ഓഫ് മെഡിക്കൽ സയൻസസ്, ജൂബിലി മിഷൻ മെഡിക്കൽ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, സഹൃദയ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് എന്നീ സ്ഥാപനങ്ങൾക്ക് 2005-06-ൽ കോഴിക്കോട്

സർവ്വകലാശാല അഫിലിയേഷൻ നൽകിയത്. എന്നാൽ പരിശാധനയിൽ മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ മുൻ കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല എന്ന് കണ്ടതിനാലാണ് 2009-10 മുതലുള്ള പ്രവേശനത്തിന് അഫിലിയേഷൻ നൽകേണ്ടതില്ല എന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചത്. നിലവിലുള്ള വിദ്യാർത്ഥികളുടെ ഭാവി പരിഗണിച്ച് യൂണിവേഴ്സിറ്റി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന വിധത്തിൽ അർഹരായ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് വേണ്ടി പരിമിതമായ അഫിലിയേഷൻ 2008-09 വരെയുള്ള ബാച്ചുകൾക്ക് നിലനിറുത്താനും സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷവും വിദ്യാർത്ഥി പ്രവേശനത്തിന് പ്രയാസം ഉണ്ടാകാത്ത വിധത്തിൽ പ്രശ്നങ്ങൾ ചർച്ച ചെയ്ത് യൂണിവേഴ്സിറ്റി ചട്ടങ്ങൾക്കുള്ളിൽ നിന്ന് പരിഹാരം കാണാൻ ഈ സ്ഥാപനങ്ങൾക്ക് സാവകാശവും അവസരവും നൽകണമെന്നും അതുവരെ മറ്റ് നടപടികളൊന്നും സ്വീകരിക്കരുതെന്നും ഗവൺമെന്റ് സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥി പ്രവേശനത്തിന് യാതൊരു ബുദ്ധിമുട്ടു മുണ്ടാകില്ല.

(10) <u>തൊഴിലാളി സമരം</u>

<u>ശ്രീ. രാജാജി മാത്യു തോമസ്</u>: തൃശൂർ കുരിയച്ചിറയിലുള്ള ബിവറേജസ് കോർപ്പറേഷന്റെ ഗോഡൗണിൽ നടക്കുന്ന തൊഴിലാളി സമരം അവസാനിപ്പിക്കുന്നതിന് നടപടിയുണ്ടാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ)</u>: ഈ പ്രശ്നം ചർച്ചചെയ്ത് പരിഹരിക്കുന്നതിനായി ഇതിനകം മൂന്ന് ലേബർ കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്. വീണ്ടും ജൂലായ് മാസം രണ്ടാം തീയതി കൂടാൻ നിശ്ചയിച്ചിരിക്കുന്ന ലേബർ കോൺഫറൻസിൽ ഈ

പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലേബർ കോൺഫറൻസുകൾ നടത്തി ന്യായമായ കൂലി നിശ്ചയിക്കുകയും ആ കൂലി ലഭിക്കുന്നതിന് ആവശ്യമായിട്ടുള്ള മിനിമം വർക്ക് ലോഡ് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വർക്ക് ലോഡിന്റെ കാര്യത്തിൽ ഇപ്പോൾ വീണ്ടും തർക്കമുണ്ടായിരിക്കുകയാണ്. തൊഴിൽ തർക്കമല്ല, പഴയ കരാറുകാരനും പുതിയ കരാറുകാരനും തമ്മിലുള്ള തർക്കമാണ് ഇപ്പോൾ നിലനിൽക്കുന്നത്. എന്നാലും തൊഴിലാളികളുടെ പ്രശ്നമായതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നതാണ്.

(11) <u>വ്യാജക്കള്ള് കഴിച്ചുള്ള മരണം</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ 2009 ജൂൺ 18-ാം തീയതിയുണ്ടായ മദ്യദുരന്തത്തിൽ ഒരു തൊഴിലാളി മരണപ്പെടുകയും ഇരുന്നൂറോളം പേർ ആശുപത്രിയിലാകുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷിക്കുകയും കള്ള് ഷാപ്പുകളിൽ വ്യാജക്കള്ള് വ്യാപകമായി വിറ്റുവരുന്നത് തടയുകയും സ്പിരിറ്റ് ഉൾപ്പെടെയുള്ള വസ്തുക്കൾ കടത്തിക്കൊണ്ടുപോകുന്നത് തടയുകയും ചെയ്യുന്നതോടൊപ്പം മരണപ്പെട്ട തൊഴിലാളിയുടെ കുടുംബത്തെ സഹായിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിക്കണം.

<u>ശ്രീ. മുരളി പെരുനെല്ലി</u>: തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ മേച്ചേരിപ്പടി കള്ളുഷാപ്പിൽ നിന്ന് ജൂൺ 18-ാം തീയതി കള്ള് കഴിച്ച് തൊഴിലാളി മരണപ്പെട്ട സാഹചര്യം പരിഗണിച്ച് ഈ കള്ളിൽ എന്താണ് കലർന്നിരിക്കുന്നതെന്നത് സംബന്ധിച്ച് അന്വേഷിക്കുകയും മരിച്ച തൊഴിലാളിയുടെ കുടുംബത്തിന് ന്യായമായ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർക്കാർ വിശദമായി പരിശോധന നടത്തിയതിൽ തൊഴിലാളി വ്യാജ ക്കള്ള് കഴിച്ചതുമൂലമല്ല മരണപ്പെട്ടതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ പ്രശ്നത്തോടനുബന്ധിച്ച് തൃശ്ശൂർ ജില്ലയിൽ 11 കള്ള് ഷോപ്പുകൾ അടച്ചുപൂട്ടുകയും കള്ളിൽ മായം ചേർക്കുന്നതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കള്ള് ഷോപ്പിൽ നിന്നെടുത്ത സാമ്പിളിൽ .79 മില്ലിഗ്രാം ഡയസഫാം ഉണ്ടായിരുന്നതായി കണ്ടെത്തിയ സാഹചര്യത്തിൽ ഷാപ്പുടമകൾക്കെതിരായി കേസ് ചാർജ് ചെയ്യുകയും ഏതാനും ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. വിസറ പരിശോധന റിപ്പോർട്ട് ലഭിച്ചതിനുശേഷം കൂടുതൽ നടപടി സ്വീകരിക്കുന്നതാണ്.

(12) ഇന്റർനെറ്റ് വഴിയുള്ള റിക്രൂട്ട്മെന്റ്

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ബി. ബാബു പ്രസാദും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പെൺവാണിഭ സംഘങ്ങൾ ഇന്റർനെറ്റ് വഴി പെൺകുട്ടികളെ റിക്രൂട്ട് ചെയ്യുന്നതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത്തരം കുറ്റകൃത്യങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന ക്വട്ടേഷൻ സംഘങ്ങളെ കണ്ടെത്തി ഐ.ടി. ആക്ടും ഇമ്മോറൽ ട്രാഫിക് പ്രിവെൻഷൻ ആക്ടും അനുസരിച്ച് സമ്പത്ത് കണ്ടുകെട്ടുകയും അവർക്ക് ഗുരുതരമായ ശിക്ഷ നൽകുന്നതിനുള്ള നടപടി കൾ സ്വീകരിക്കുകയും ചെയ്യണം. .

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഓൺലൈൻ വഴി ഇടപാടുകൾ

ഉറപ്പിക്കുന്ന പെൺവാണിഭ സംഘങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുവെന്ന വാർത്തകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലായി പെൺവാണിഭം നടത്തിയതിന്റെ പേരിൽ 24 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനായി പോലീസ് ആസ്ഥാനത്ത് ഹൈ-ടെക് എൻക്വയറി സെല്ലും മറ്റ് ജില്ലകളിൽ ജില്ലാ സൈബർ സെല്ലും പ്രവർത്തിപ്പിക്കാനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇന്റർനെറ്റ് കുറ്റകൃത്യങ്ങൾ മാത്രം കൈകാര്യം ചെയ്യുന്നതിന് തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ 1-6-2009 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(13) മാലിന്യ നിർമ്മാർജ്ജനം

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: എടക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ചക്കരക്കരയിലെ മാലിന്യനിർമ്മാർജ്ജനത്തിന് ആവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾക്കായി പൊതുവിൽ ഖരമാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ കാസർഗോഡ് ജില്ലയിലെ മൂന്ന് പഞ്ചായത്തുകൾ സഹകരിച്ച് പൊതുവായ മാലിന്യ സംസ്ക്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പിന്തുണയുണ്ടെങ്കിൽ മാത്രമേ ഇത് വിജയിക്കുകയുള്ളു. ഖരമാലിന്യത്തിൽ സംസ്ക്കരിക്കാൻ കഴിയാത്ത വസ്തുക്കൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി പൊതു സാനിട്ടറി ലാന്റ് ഫിൽ സംവിധാനം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുകയും സാദ്ധ്യത പഠനം ശുചിത്വ

മിഷൻ നടത്തുകയുമാണ്. സമഗ്ര മാലിന്യ സംസ്ക്കരണത്തിനുള്ള പ്രോജക്ട് തയ്യാറാക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട്. .

(14) പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകുന്നതിലെ കാലതാമസം

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: പാസ്പോർട്ട്, ജോലി, പഠനം തുടങ്ങിയ ആവശ്യങ്ങൾക്ക് പോലീസ് നൽകേണ്ട അന്വേഷണ റിപ്പോർട്ടുകൾ യഥാസമയം നൽകാത്തതുകൊണ്ട് ജനങ്ങൾക്ക് വളരെയധികം പ്രയാസമുണ്ടാകുന്നു. അന്വേഷണങ്ങൾക്ക് ശേഷം യഥാർത്ഥ ആവശ്യക്കാരന് കാലവിളംബം കൂടാതെ സർട്ടിഫിക്കറ്റ് നൽകാൻ പോലീസിന് മാർഗ്ഗനിർദ്ദേശം നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാസ്പോർട്ട് നഷ്ടപ്പെട്ടാൽ പുതിയത് ലഭിക്കുന്നതിന് പോലീസിന്റെ എഫ്.ഐ.ആർ-ന്റെ കോപ്പി നിർബന്ധമല്ല. അപേക്ഷയുടെയും രണ്ട് പ്രമുഖ പത്രങ്ങളിൽ കൊടുത്ത പരസ്യത്തിന്റെയും അടിസ്ഥാനത്തിൽ വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നൽകാൻ പോലീസിന്റെ ഭാഗത്തുനിന്ന് കാലവിളംബം വരുത്താറില്ല. പാസ്പോർട്ട് നഷ്ടപ്പെട്ടത് സംബന്ധിച്ച് സംശയമുളവാകുന്ന സാഹചര്യത്തിൽ മാത്രമേ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിന് ശേഷം സർട്ടിഫിക്കറ്റ് നൽകേണ്ടതായി വരുന്നുള്ളു. ഇതിന് വ്യക്തമായ നിർദ്ദേശം കൊടുക്കാം. അടിയന്തിരമായി പാസ്പോർട്ട് ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള തത്കാൽ പദ്ധതിയനുസരിച്ച് ഒരു എമർജൻസി പോലീസ് വെരിഫിക്കേഷൻ നടത്തി യഥാസമയം സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ഇതുസംബന്ധിച്ച് പ്രത്യേക പരാതിയുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താം. ജോലിക്കോ പഠനാവശ്യത്തിനോ

ഇത്തരം സർട്ടിഫിക്കറ്റ് ആവശ്യമുള്ള അപേക്ഷകളിൻമേൽ ഉചിതമായ അന്വേഷണം നടത്തി കാലതാമസം വരുത്താതെ സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിൽ കാലതാമസം വരുത്തുന്നുവെന്ന പരാതിയുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതായിരിക്കും. പാസ്പോർട്ട് അപേക്ഷകളിൻമേലുള്ള വെരിഫിക്കേഷന് വേണ്ടി സ്ത്രീകളെ പോലീസ് സ്റ്റേഷനുകളിൽ വിളിച്ചുവരുത്താൻ പാടില്ലെന്ന കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതിന് വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചാൽ നടപടി സ്വീകരിക്കും. നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സമർപ്പിക്കുന്ന പാസ്പോർട്ട് അപേക്ഷകളിൻമേൽ ഉചിതമായ അന്വേഷണം നടത്തി സാധാരണക്കാരന് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(15) റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ കാര്യക്ഷമത

ശ്രീ. അൽഫോൺസ് കണ്ണന്താനം: കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ ലോക്കൗട്ടിലായിരിക്കുന്നതുമായ ചേനപ്പാടി ക്രമ്പ് റബ്ബർ ഫാക്ടറി തുറന്നു പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ സഹകരണ മേഖലയിലെ പ്രധാനപ്പെട്ട ഒരു അപ്പെക്സ് ബോഡിയാണ്. നാളിതുവരെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി ഈ സ്ഥാപനം 100 കോടിയിലേറെ രൂപയുടെ സഞ്ചിത നഷ്ടത്തിലാണ്. ചേനപ്പാടി ക്രമ്പ് ഫാക്ടറി, കടുത്തുരുത്തി ഇന്റർമിക്സ് ഫാക്ടറി എന്നീ രണ്ട് യൂണിറ്റുകളായാണ് ഇത് പ്രവർത്തിക്കുന്നത്. പ്രതിദിന

ഉൽപ്പാദനം 5.44 ടണ്ണായിരുന്നത് തൊഴിലാളികളുടെ സഹകരണത്തിന്റെ ഫലമായി 20 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അസംസ്കൃത സാധനങ്ങൾ കടം വാങ്ങി ഉൽപ്പന്നങ്ങളുണ്ടാക്കി വിറ്റഴിച്ചതിനാൽ കടം തിരിച്ചടയ്ക്കാൻ സാധിക്കാതെ കുടിശ്ശിക വന്നു. ശമ്പളം കൊടുക്കാനാകാതെ വന്നപ്പോൾ ലേ ഓഫ് ചെയ്യുകയും തുടർന്ന് ലോക്കൗട്ട് ചെയ്തിരിക്കുകയുമാണ്. കൺസിലിയേഷൻ നടന്നുവെങ്കിലും വിജയിച്ചില്ല. എം.പി., എം.എൽ.എ. റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഭാരവാഹികൾ എന്നിവരുടെ കോൺഫറൻസ് വിളിച്ചുകൂട്ടി തൊഴിലാളികളുടെ മുൻകയ്യോടുകൂടി ജില്ലാ പഞ്ചായത്തിനെയും സഹകരിപ്പിച്ചുകൊണ്ട് സ്വതന്ത്രമായി ഈ സ്ഥാപനം ഒരു വർഷം നടത്തുന്നതിനെപ്പറ്റി ആലോചിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(16) നഞ്ചൻകോട്-സുൽത്താൻബത്തേരി-നിലമ്പൂർ റെയിൽപ്പാത

ശ്രീ. പി. കൃഷ്ണപ്രസാദ്: യാത്രക്കാരുടെയും ചരക്കുകളുടെയും എണ്ണത്തിൽ വർഷംതോറും വർദ്ധനവ് വരുന്ന സാഹചര്യത്തിൽ നഞ്ചൻകോട്-നിലമ്പൂർ റെയിൽപ്പാതയ്ക്ക് ആവശ്യമായ തുക അടുത്ത ബഡ്ജറ്റിൽ വകയിരുത്തണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ദേശീയ പ്രാധാന്യമുള്ള നഞ്ചൻകോട്-നിലമ്പൂർ റെയിൽപ്പാതയുടെ സർവ്വേ നടത്തുന്നതിന് 2007-08-ൽ ബഡ്ജറ്റിൽ അംഗീകാരം ലഭിക്കുകയും ദക്ഷിണ റെയിൽവേ സമയബന്ധിതമായി സർവ്വേ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രമുഖ ഐ.ടി നഗരങ്ങളെയും വ്യാവസായിക കേന്ദ്രങ്ങളെയും ബന്ധിപ്പിക്കുന്നതും ശബരിമല തീർത്ഥാടകർക്ക് സൗകര്യപ്രദമായതുമായ

ഈ പാത ഏറ്റവുംവലിയ പ്രാധാന്യമർഹിക്കുന്നു. 238.40 കിലോമീറ്റർ ദൈർഘ്യമുളള റെയിൽപ്പാതയ്ക്ക് 1742.19 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പാതയിൽ നിന്ന് കിട്ടുന്ന വരുമാനം 5.9 ശതമാനമാണ്. സർവ്വേ റിപ്പോർട്ട് റെയിൽവേ മന്ത്രാലയത്തിന്റെ പരിശോധനയിലാണ്. 15.06.2009-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇക്കാര്യം സമഗ്രമായി ചർച്ച ചെയ്യുകയും മുൻഗണനാക്രമമനുസരിച്ച് ഇത് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് സജീവ പരിഗണനയിലാണ്.

(17) പളളുരുത്തി മണ്ഡലത്തിൽ ചുഴലിക്കാറ്റിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

ശ്രീ. എം. ദിനേശ്മണി: പളളുരുത്തി നിയോജകമണ്ഡലത്തിലെ പെരുമ്പടപ്പ്, കോണം ഭാഗത്തുണ്ടായ ചുഴലിക്കാറ്റുമൂലം നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാനുളള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പളളുരുത്തി നിയോജകമണ്ഡലത്തിൽ ചുഴലിക്കാറ്റുമൂലം 274 വീടുകൾ ഭാഗീകമായും പത്ത് വീടുകൾ പൂർണ്ണമായും നശിച്ചതിൽ 11 ലക്ഷം രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുളളത്. കാർഷികവിളകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം കേന്ദ്ര പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ട ആദ്യ ഗഡു റിലീസ് ചെയ്യാത്തതിനാൽ അടിയന്തിരമായി തുക അനുവദിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും സഹായം കിട്ടുന്ന മുറയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി അടിയന്തിര സഹായം കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(18) <u>എറണാകുളം ജില്ലയിലെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെട്ട ഭൂചലനം</u>

<u>ശ്രീ. കെ. ബാബു</u>: കഴിഞ്ഞ വെള്ളിയാഴ്ച എറണാകുളം ജില്ലയിലെ പല പ്രദേശങ്ങളിലും ഭൂചലനം അനുഭവപ്പെട്ടതിനെത്തുടർന്ന് ജനങ്ങൾ പരിഭ്രാന്തിയിലായിരിക്കുകയാണ്. ഭൂചലന സാദ്ധ്യതയുള്ള സ്ഥലങ്ങളെ സംബന്ധിച്ച് പഠനം നടത്തി ജനങ്ങളെ മുൻകൂട്ടി അറിയിക്കാനും ഇത്തരം സാഹചര്യങ്ങളിൽ ഉണർന്നു പ്രവർത്തിക്കാനും ഗവൺമെന്റിന്റെ ഏജൻസികളെ സജ്ജമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ):</u> 26-06-09-ന് ഉച്ച കഴിഞ്ഞ് 2.00 മണിയോടുകൂടി എറണാകുളം ജില്ലയിലെ ആലുവ, കുന്നത്തുനാട് ഭാഗങ്ങളിൽ റിക്ടർ സ്കെയിലിൽ 3.1 രേഖപ്പെടുത്തിയ ഭൂചലനത്തിൽ ജീവഹാനിയോ കാര്യമായ നാശനഷ്ടമോ ഉണ്ടായിട്ടില്ലെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കുന്നത്തുനാട് താലൂക്കിലെ മഴവന്നൂർ പള്ളിക്ക് സമീപം ഒന്നര വർഷം മുമ്പ് പ്രകൃതിക്ഷോഭത്തിൽപ്പെട്ടതും ജീർണ്ണിച്ചതും ആൾപ്പാർപ്പില്ലാത്തതുമായ ഒരു കെട്ടിടത്തിന്റെ മേൽക്കൂര നിലംപൊത്തിയിട്ടുണ്ട്. ആലുവ താലൂക്കിൽ 2008-ൽ ചുഴലിക്കാറ്റടിച്ച് വിവിധ പഞ്ചായത്തുകളിലുള്ള വീടുകൾക്കും കൃഷിക്കും വൻതോതിൽ നാശം സംഭവിച്ചിരുന്നു. ഇനിയും ഇത്തരം ദുരന്തങ്ങളുണ്ടാകാമെന്ന് മുന്നറിയിപ്പ് ലഭിച്ചതിനെത്തുടർന്ന് ചുഴലിക്കാറ്റ്-ഭൂകമ്പ സാദ്ധ്യതകളെ സംബന്ധിച്ച് പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഭൂചലനമുണ്ടായാൽ ആവശ്യമായ രക്ഷാപ്രവർത്തനങ്ങൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എ. എം. യൂസഫ്: ഭൂചലനമുണ്ടായതിനെത്തുടർന്ന് കടുങ്ങല്ലൂർ പഞ്ചായത്തിലെ ചില വീടുകൾക്ക് ചെറിയ തോതിൽ വിള്ളലുണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർത്ത് ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് മുൻകൈയെടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ഇതു സംബന്ധിച്ച് വളരെ പെട്ടെന്ന് സെസ്സിന്റെ ഒരു പഠനം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങളുടെ ഭീതിയകറ്റാൻ ആവശ്യമായ നടപടികളെടുക്കാം.

(19) മായിപ്പാടിയിൽ വിവാഹ സംഘത്തിനു നേരെയുണ്ടായ ആക്രമണം

ശ്രീ. സി. ടി. അഹമ്മദ് അലി: കാസർഗോഡ് നിയോജകമണ്ഡലത്തിലെ മായിപ്പാടിയിൽ വിവാഹ സംഘത്തെ ആക്രമിക്കുകയും വാഹനങ്ങൾ കേടുവരുത്തുകയും ചെയ്ത സാമൂഹ്യദ്രോഹികൾക്കെതിരെ ശക്തമായ നടപടിയെടുക്കണം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: മായിപ്പാടി, സീതാംകോളി, മധൂർ എന്നീ സ്ഥലങ്ങളിൽ ഒരു പ്രത്യേക സമുദായത്തിന്റെ വിവാഹ വാഹനങ്ങൾക്കു നേരെയുണ്ടായ ആക്രമണത്തിന് ഉത്തരവാദികളായ ഗുണ്ടകളെ അമർച്ച ചെയ്യാനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 28-06-09-ന് വൈകുന്നേരം 5.30 മണിയോടുകൂടി വിവാഹ പാർട്ടി സഞ്ചരിച്ചിരുന്ന വാഹനങ്ങൾ മായിപ്പാടിയിൽ വച്ച് ഏതാനുംപേർ തടഞ്ഞുനിർത്തുകയും ചില്ലുകൾ തകർക്കുകയും ചെയ്തതായ

പരാതിയുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും അഞ്ച് പ്രതികളേയും മുൻകരുതൽ നടപടിയെന്ന നിലയിൽ മറ്റ് രണ്ട് പേരേയും അന്ന് രാത്രിതന്നെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. വിവാഹ പാർട്ടിയിലുണ്ടായിരുന്നവർ കുമ്പള പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള സീതാംകോളി എന്ന സ്ഥലത്തുവച്ച് ദിലീപ് ഡിസൂസ എന്നയാളുടെ ഓട്ടോറിക്ഷ തകർക്കുകയും അതിലെ യാത്രക്കാരെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്തു. അതിനും കണ്ടാലറിയാവുന്നവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കുമ്പള പോലീസ് സ്റ്റേഷൻ പരിധിയിലുള്ള എട്യനാട് വച്ച് കരുണാകരൻ എന്നയാളുടെ ഓട്ടോറിക്ഷ തടഞ്ഞുനിർത്തി ഗ്ലാസ് അടിച്ചുതകർക്കുകയും യാത്രക്കാരെ ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത ഒരു സംഭവവും ഉണ്ടായിട്ടുണ്ട്. കാസർഗോഡ് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ശക്തമായ പോലീസ് സംവിധാനവും നാല് പിക്കറ്റ് പോസ്റ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. കേസിൽ ഉൾപ്പെട്ട പ്രതികളെ അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാസർഗോഡ്, മഞ്ചേശ്വരം ഭാഗത്തുള്ള ഈ പ്രശ്നം പരിഹരിക്കുന്നതിന് കർശന നടപടി സ്വീകരിക്കാൻ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (20) സ്വകാര്യ-സഹകരണ മെഡിക്കൽ കോളേജുകളിൽ പഠനാവശ്യത്തിന് നൽകുന്ന മൃതദേഹങ്ങൾ

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനത്തിനാവശ്യമായ മൃതദേഹങ്ങൾ അനാട്ടമി ആക്ടിന് വിരുദ്ധമായി കൈമാറ്റം ചെയ്യപ്പെടുന്ന ഒരു വലിയ റാക്കറ്റ് പ്രവർത്തിക്കുകയാണ്. 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ 900

മൃതശരീരങ്ങളാണ് ഇത്തരത്തിൽ കൈമാറ്റം ചെയ്യപ്പെട്ടത്. ഇതുസംബന്ധിച്ച് അന്വേഷിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): എറണാകുളം ജനറൽ ആശുപത്രിയിൽ നിന്ന് 2004 മുതലാണ് സെൽഫ് ഫിനാൻസിംഗ് മെഡിക്കൽ കോളേജുകൾക്ക് മൃതശരീരങ്ങൾ കൊടുത്തുകൊണ്ടിരുന്നത്. ഇതുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടാകുന്നുവെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് ആരോഗ്യ വകുപ്പ് മുൻകയ്യെടുത്ത് അനാട്ടമി ആക്ട് പ്രകാരം അതിന് വ്യക്തമായ മാനദണ്ഡവും ക്രമവും ഉണ്ടാക്കിയത് 2008 ഡിസംബറിലാണ്. അതനുസരിച്ച് കേരളത്തിലെ അഞ്ച് മെഡിക്കൽകോളേജുകളിലേയും മോർച്ചറി സൗകര്യമുളള നോട്ടിഫൈ ചെയ്ത ജില്ലാ ജനറൽ ആശുപത്രികളിലേയും സൂപ്രണ്ടുമാർക്ക് അനാഥ ശവശരീരങ്ങൾ എംബാം ചെയ്ത് സൂക്ഷിക്കുന്നതിനും നിശ്ചിത തുകയ്ക്ക് മെഡിക്കൽ വിദ്യാഭ്യാസ മേഖലയ്ക്ക് നൽകുന്നതിനും അധികാരമുണ്ട്. ഈ ഗവൺമെന്റ് വന്നശേഷം സെൽഫ് ഫിനാൻസിംഗ് മെഡിക്കൽ കോളേജുകൾക്ക് മൃതശരീരങ്ങൾ കൊടുത്തിട്ടില്ല. ഇക്കാര്യത്തിൽ യാതൊരുതരത്തിലുള്ള അപാകതയും ഉണ്ടായിട്ടില്ല.

**റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി II- ന്റെ ദുരന്തനിവാരണ നയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ എൺപത്തിനാലു മുതൽ നൂറുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

സഭയുടെ പരിഗണനയിലിരിക്കുന്ന ബില്ലിനെക്കുറിച്ചുള്ള ചർച്ച

ശ്രീ. കെ.എം. മാണി: കേരള ഭൂസംരക്ഷണ (ഭേദഗതി) ബിൽ, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബിൽ എന്നിവയെ സംബന്ധിച്ച് പാർലമെന്ററികാര്യ വകുപ്പിനു കീഴിൽവരുന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്താനുദ്ദേശിക്കുന്ന ചർച്ച നടപടിക്രമങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും നിയമങ്ങൾക്കും എതിരാണ്. കാരണം നിയമസഭയുടെ പരിഗണനയിലിരിക്കുന്ന കേരള ഭൂസംരക്ഷണ (ഭേദഗതി) ബില്ലിലെ പല വകുപ്പുകളും ഭരണഘടനാ വിരുദ്ധമാണെന്നും ഇത് ലാന്റ് അക്വിസിഷൻ ആക്റ്റിനെതിരാണെന്നും ആർട്ടിക്കിൾ 31 (എ)യുടെ കീഴിൽ പാസ്സാക്കിയ നിയമങ്ങൾക്കെതിരാണെന്നും ഒബ്ജക്ഷൻ ഉന്നയിച്ചിരുന്നു. നിയമസഭയുടെ പരിഗണനയിലിരിക്കുന്ന ബില്ലുകൾ നിയമസഭയുടെയും സബ്ജക്ട് കമ്മിറ്റിയുടെയും പ്രോപ്പർട്ടിയാണ്. നിയമസഭയോ സബ്ജക്ട് കമ്മിറ്റിയോ സ്പീക്കറോ അറിയാതെ ഇങ്ങനെയൊരു ചർച്ച നിയമസഭയ്ക്ക് പുറത്ത് നടത്തുന്നത് ശരിയല്ല. ബിൽ പ്രസിദ്ധീകരിച്ചാൽ നിയമസഭയിൽ വയ്ക്കുന്നതിനു മുമ്പ് ചർച്ചയാകാം. സബ്ജക്ട് കമ്മിറ്റിയുടെ അറിവില്ലാതെ നിയമസഭാ സാമാജികരുടെ അവകാശം കവരുന്ന ഇപ്രകാരമുള്ള നടപടിയുണ്ടാകാൻ പാടില്ല. ഇത് നിയമസഭയോടുള്ള അവഹേളനമാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: നിയമസഭയിൽ ഒരു ബിൽ വന്നാൽ ഒന്നുകിൽ സബ്ജക്ട് കമ്മിറ്റിക്കോ അതല്ലെങ്കിൽ സെലക്ട് കമ്മിറ്റിക്കോ

വിടണം. ഈ ബില്ലുകൾ ഇപ്പോൾ നിയമസഭയുടെ പ്രോപ്പർട്ടിയാണ്. സബ്ജക്ട് കമ്മിറ്റിക്ക് വിട്ട ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയിൽപ്പോലും ആലോചിക്കാതെ സബ്ജക്ട് കമ്മിറ്റി തീരുമാനമെടുക്കാതെ ഇതുപോലെ ചർച്ച നടത്തുന്നത് ഓർഡറിലല്ല.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അക്കാഡമിക് ആയി ചർച്ച ചെയ്യുന്നതിൽ കുഴപ്പമില്ല. ഈ നിയമങ്ങൾ നിയമസഭയുടെയും സബ്ജക്ട് കമ്മിറ്റിയുടെയും പ്രോപ്പർട്ടി മാത്രമല്ല പബ്ളിക് പ്രോപ്പർട്ടി കൂടിയാണ്. നിയമസഭാ ചട്ടം 69 അനുസരിച്ച് നിയമസഭയ്ക്ക് ഒരു ബിൽ കിട്ടിയാൽ സ്പീക്കർ അത് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്. ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയാണിത്. പക്ഷെ നിയമനിർമ്മാണം അത് ബാധിച്ചേക്കാവുന്ന ജനവിഭാഗംപോലും പലപ്പോഴും അറിയുന്നില്ല. ഇത്തരം ചർച്ചകൾ സംഘടിപ്പിക്കാൻ അവകാശമുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ ചർച്ച സംഘടിപ്പിച്ചിരിക്കുന്നത്. ഇതിനെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം എതിർക്കുന്നത് നിർഭാഗ്യകരമാണ്. ഒരു നല്ല കീഴ്വഴക്കം സൃഷ്ടിക്കുന്നതിനുവേണ്ടി സദുദ്ദേശത്തോടുകൂടി കൊണ്ടുവന്ന ഈ കാര്യത്തോട് സഹകരിക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ ഇത് നടത്തണമെന്ന യാതൊരു വാശിയും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിനില്ല. പ്രതിപക്ഷാംഗങ്ങളുടെകൂടി താല്പര്യത്തോടും പങ്കാളിത്തത്തോടുംകൂടി മാത്രമേ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് സർക്കാർ ആഗ്രഹിച്ചിട്ടുള്ളൂ. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഇത് പിൻവലിക്കുന്നു.

ശ്രീ. കെ.സി. ജോസഫ്: പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നിയമസഭയുടെ ഭാഗമല്ല. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഒന്നുകിൽ

സെലക്ട് കമ്മിറ്റിക്ക് വിടണം അതല്ലെങ്കിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അംഗീകരിക്കണമായിരുന്നു. അന്ന് മന്ത്രി അതിനെ എതിർക്കുകയാണ് ചെയ്തത്. ഈ ബില്ലുകൾ നിയമസഭയുടെ പ്രോപ്പർട്ടിയാണ് അതിന്മേലുള്ള ചർച്ച നിയമസഭാ ചട്ടങ്ങളുടെ ലംഘനമാണ്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> ഇത് ഒരു പുതിയ പ്രശ്നമാണ്. ഇതിനുമുമ്പ് ഇതുപോലുള്ള പ്രശ്നമുണ്ടായിട്ടില്ല. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് അവരുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കാൻ ശ്രമിച്ചു വരുന്നതിന്റെ ഭാഗമായിട്ടാണ് ചർച്ചയ്ക്ക് തീരുമാനിച്ചത്. ബഹുമാനപ്പെട്ട സ്പീക്കർ ഇത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് നന്നായിരിക്കും.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> നിയമസഭാ ചട്ടം 69 അനുസരിച്ച് ഒരു ബിൽ പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അത് പബ്ളിക് ഡോക്യൂമെന്റാണ്. ഇപ്രകാരം പബ്ളിക് ഡോക്യുമെന്റായ ഒരു ബില്ലിന്മേൽ ആർക്കും അഭിപ്രായം രേഖപ്പെടുത്തുന്നതിനും ചർച്ച ചെയ്യുന്നതിനും സ്വാതന്ത്ര്യമുണ്ട്. ബില്ലുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്റെ ഉദ്ദേശ്യംതന്നെ ഇപ്രകാരമുള്ള ചർച്ചകളിലൂടെ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനും അതുവഴി ബില്ലിനെപ്പറ്റി പൊതുജനങ്ങൾക്കും നിയമസഭാംഗങ്ങൾക്കും കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനുമാണ്. അതിനാൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു ബില്ലിന്മേൽ ഒരു ചർച്ച സംഘടിപ്പിക്കുന്നതിൽ എന്തെങ്കിലും അപാകതകൾ ഉള്ളതായി ചെയർ കരുതുന്നില്ല. നിയമസഭാ ചട്ടത്തിന്റെ ഏതെങ്കിലും വകുപ്പുകളുടെ ലംഘനമായിട്ടും ഇതിനെ കാണുന്നില്ല. എങ്കിൽപ്പോലും

നിയമസഭാ ചട്ടം പരിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തിട്ടുണ്ട്. സഭയുടെ ചരിത്രത്തിൽ ഇങ്ങനെയൊരു ചർച്ച ഇതിനുമുമ്പ് നടത്തിയിട്ടില്ല എന്നുള്ളതുകൊണ്ടുതന്നെ ഈ ചർച്ച ഇപ്പോൾ ആവശ്യമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ സ്ഥിതിക്ക് ഇത് നിയമസഭാ ചട്ടം പരിഷ്ക്കരിക്കുന്ന കമ്മിറ്റി വിശദമായി പരിശോധിച്ച് ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കണമെന്നാണ് ഇത് സംബന്ധിച്ച് ചെയറിന് പറയാനുള്ളത്. അതുവരെ ഇത് മാറ്റിവയ്ക്കാം.

**ധനകാര്യം**

2009-2010 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും (774,10,07,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം (289,25,35,000 രൂപ)

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം (105,26,44,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV - വനം (149,89,51,000 രൂപ)

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX -ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(സർവ്വശ്രീ കെ. മുഹമ്മദുണ്ണി ഹാജി, ബി. ബാബു പ്രസാദ്, അടൂർ പ്രകാശ്, കെ.സി. ജോസഫ്, കെ. ബാബു, എ.പി. അനിൽകുമാർ, എൻ.ശക്തൻ, എം. മുരളി, വർക്കല കഹാർ, ജോർജ് മേഴ്സിയർ, ആര്യാടൻ മുഹമ്മദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജോസഫ് എം. പുതുശ്ശേരി, സി.ടി. അഹമ്മദ് അലി, എം. ഉമ്മർ, തോമസ് ചാഴികാടൻ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

ശ്രീ. അടൂർ പ്രകാശ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൂട്ടുത്തര വാദിത്വം നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണ് സംസ്ഥാനത്ത് ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഗുണ്ടകളുടേയും മാഫിയ സംഘങ്ങളുടേയും പ്രധാന കേന്ദ്രമായി കേരളം മാറിയിരിക്കുന്നു. നിലവിലുള്ള മണൽ മാഫിയകളെ കൂടാതെ ജലമാഫിയകൾകൂടി രംഗപ്രവേശം ചെയ്തിരിക്കുന്നു. ഓരോ വർഷവും വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കാതെ സർക്കാർ വെറും പ്രഖ്യാപനങ്ങൾ മാത്രം

നടത്തികൊണ്ടിരിക്കുകയാണ്. കുടിവെള്ളത്തിന് അന്യായമായി വില ഈടാക്കിക്കൊണ്ടിരിക്കുന്നു. ഈ അവസ്ഥ തുടർന്നാൽ വെള്ളത്തിന് വലിയ വില കൊടുക്കേണ്ടിവരും. അന്തർ-സംസ്ഥാന നദീജല തർക്കം പരിഹരിക്കുന്നതിന് അവധാനതയോടുകൂടിയ സമീപനം സ്വീകരിക്കണം. പറമ്പിക്കുളം-ആളിയാർ കരാർ സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ധാരണയിലെത്താൻ കഴിയാത്തതിന്റെ ഫലമായി പാലക്കാട്ടെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. ജലക്ഷാമംമൂലം പാലക്കാട് ജില്ലയിലെ 11,000 ഹെക്ടറിൽപരം ഭൂമിയിൽ ഭക്ഷ്യോത്പാദനം നടത്താൻ സാധിക്കുന്നില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് 2008-ൽ നടത്തിയ ചർച്ചകൾക്കുശേഷം എന്തെങ്കിലും തരത്തിലുള്ള തുടർ ചർച്ചകൾ നടത്തിയിട്ടുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കണം. കേരളത്തിന് അവകാശപ്പെട്ട നെയ്യാർ ഡാമിലെ ജലം തമിഴ്നാടിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ചർച്ച നടത്തിയിരുന്നു. ഇതു സംബന്ധിച്ച് റൂൾ 300 അനുസരിച്ച് നിയമസഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവന നടത്തുകയുണ്ടായി. മുല്ലപ്പെരിയാർ, പറമ്പിക്കുളം, ആളിയാർ ഉൾപ്പെടെയുള്ള നദീജല പ്രശ്നങ്ങൾ സൗഹൃദമായി പരിഹരിക്കുന്നതിനുവേണ്ടിയാണ് നെയ്യാറിലെ ജലം വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചതെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കേരളം വറ്റിവരണ്ട് ജനങ്ങൾ അനുഭവിക്കുന്ന ദുരിതം കണ്ടില്ലെന്ന് നടിക്കുന്നത് ഈ ഗവൺമെന്റിന് ഭൂഷണമല്ല. കോന്നി നിയോജകമണ്ഡലത്തിലെ അച്ചൻ കോവിലാറിൽനിന്നുള്ള ജലം ചെക്ക് ഡാം നിർമ്മിച്ച് തമിഴ്നാട്ടിലേയ്ക്ക് തിരിച്ചുവിടാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും തമിഴ്നാടിന്റെ ലക്ഷ്യം കേരളത്തിലെ

നദികളിൽനിന്ന് വെള്ളം തിരിച്ചുകൊണ്ടുപോകുകയെന്നുള്ളതാണ്. ഈ ലക്ഷ്യം നിറവേറ്റിയാൽ മധ്യതിരുവിതാംകൂറിലെ ജനങ്ങൾക്ക് ഒരിറ്റുവെള്ളം കിട്ടാത്ത അവസ്ഥയുണ്ടാകും. മാത്രമല്ല കുട്ടനാടൻ പാടശേഖരങ്ങളിലെ നെൽകൃഷിയും പാടേ നിലയ്ക്കും. കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും ശ്രമവുമാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. കുടിയേറ്റ കർഷകർ ഏറ്റവും കൂടുതൽ അധിവസിക്കുന്ന കോന്നി നിയോജകമണ്ഡലത്തിൽ സ്വന്തം ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ സ്വന്തം ആവശ്യത്തിനുവേണ്ടി മുറിക്കുന്നതിന് അനുമതി നിഷേധിക്കുന്ന ഗവൺമെന്റിന്റെ സമീപനം ശരിയല്ല. കൈവശമുള്ള ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് അവകാശം കൊടുക്കണം. പാവപ്പെട്ട കുടിയേറ്റ കർഷകരുടെ പ്രയാസങ്ങൾ മനസ്സിലാക്കികൊണ്ട് നിശ്ചയദാർഢ്യത്തോടെയും പ്രതിബദ്ധതയോടെയും ഇച്ഛാശക്തിയോടെയും പ്രവർത്തിക്കാൻ ഗവൺമെന്റിന് കഴിയണം. തടികയറ്റികൊണ്ടുപോയ രണ്ട് ലോറികൾ തണ്ണിത്തോട് മേഖലയിലെ തേക്ക്തോട് പോലീസ് സ്റ്റേഷനിൽപിടിച്ചിട്ടിരിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതോടൊപ്പം ആ തടി വനം വകുപ്പിന്റേതാണോ സ്വകാര്യ വ്യക്തിയുടേയാണോ എന്ന് അന്വേഷണം നടത്താനുള്ള നടപടിയും സ്വീകരിക്കണം. സ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ മരം മുറിച്ചുമാറ്റുന്നതിന് സ്വകാര്യ വ്യക്തികൾക്ക് അനുമതി നൽകുന്ന നടപടി ശരിയല്ല.

ശ്രീ. വി. ശിവൻകുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ഭരണക്കാലയളവിൽ കേരള

വാട്ടർ അതോറിറ്റിയിലും വനം വകുപ്പിലും അഴിമതി രഹിതമായ, മാതൃകാപരമായ പ്രവർത്തനം കാഴ്ചവെയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിലെ പൈപ്പുപൊട്ടൽ സംഭവങ്ങൾ കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ ദീർഘനാളുകളായി മുടങ്ങിക്കിടന്നിരുന്ന നിരവധി ജലവിതരണ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിലേയ്ക്കായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. എൽ.ഐ.സി.യുടെ സാമ്പത്തിക സഹായം നിർത്തലായതോടെ പണി മുടങ്ങിയ പദ്ധതികളും പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേരള സർക്കാരും കേരള വാട്ടർ അതോറിറ്റിയും നബാർഡും ചേർന്നുകൊണ്ട് "സ്പാൻ" പദ്ധതിക്ക് രൂപം നൽകി. ദരിദ്ര ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തി 31 ഗ്രാമീണ ശുദ്ധജല പദ്ധതികൾക്കും 124 എൻ.സി.പി.സി. പദ്ധതികൾക്കും 479 ഗ്രാമീണ അംഗൻവാടി സ്ക്കൂളുകൾക്കുള്ള പദ്ധതികൾക്കും ഭരണാനുമതി നൽകാൻ കഴിഞ്ഞത് ഈ മേഖലയിലെ വികസനത്തിന്റെ സൂചനയാണ്. കൂടാതെ ഒൻപത് ജില്ലകളിൽ സുനാമി പുനരധിവാസ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ 'JNNURM' പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും ശുദ്ധജല വിതരണത്തിനും മലിനജല നിർമ്മാർജ്ജന പദ്ധതികൾക്കും ധനസഹായം നേടിയെടുക്കാൻ സാധിച്ചത് സ്വാഗതാർഹമാണ്. മുപ്പത് വർഷത്തെ വികസനം മുൻകൂട്ടിക്കണ്ടുകൊണ്ട് JBIC-യുടെ സഹായത്തോടുകൂടി കേരള

വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുള്ള പദ്ധതി പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കണം. അപേക്ഷ നൽകി ഏഴ് ദിവസത്തിനകം വാട്ടർ കണക്ഷൻ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചത് സ്വാഗതാർഹമാണ്. ഇ-ടെൻഡറിംഗ് സംവിധാനം നടപ്പിലാക്കിയതുവഴി വാട്ടർ അതോറിറ്റിയിൽ ടെൻഡർ സംബന്ധിച്ചും വർക്ക് അവാർഡു സംബന്ധിച്ചുമുള്ള അഴിമതി തടയുന്നതിനും കാര്യക്ഷമതയും സുതാര്യതയും കൈവരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2008-ൽ കൊണ്ടുവന്ന ജലനയം വഴി ജലസേചന രംഗത്ത് വമ്പിച്ച മാറ്റം ഉണ്ടാക്കിയെടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഹൗസിംഗ് ബോർഡ് നടപ്പാക്കുന്ന എം.എൻ ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി മാതൃകാപരമാണ്. ദുർബല ജനവിഭാഗങ്ങൾക്ക് വേണ്ടി ഹൗസിംഗ് ബോർഡ് നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി 183 കോടിരൂപയുടെ കടബാദ്ധ്യത എഴുതിത്തള്ളാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 56 കോടി രൂപയുടെ ആശ്വാസം പാവപ്പെട്ടവർക്ക് നൽകാൻ കഴിഞ്ഞു. സമഗ്ര വന സംരക്ഷണ നിയമം കൊണ്ടുവന്നതുവഴി മരം മോഷണം വ്യാപകമായി കുറയ്ക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. റിസർവ്വ് വന വിസ്തൃതി 3 ശതമാനം കണ്ട് വർദ്ധിപ്പിക്കാൻ കഴിഞ്ഞു. എന്റെ മരം പദ്ധതി, വഴിയോര തണൽ പദ്ധതി, ഹരിത തീരം പദ്ധതി, തുടങ്ങി നിരവധി പദ്ധതികളിലൂടെ ജനങ്ങളിൽ പാരിസ്ഥിതികബോധം കൊണ്ടുവരാൻ പരിശ്രമം നടത്തി. ഇടതുപക്ഷ വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുപകരം സത്യസന്ധമായ വാർത്തകൾ പുറത്ത് കൊണ്ടുവരാൻ മാധ്യമങ്ങൾ ശ്രമിക്കേണ്ടതാണ്. മതവിശ്വാസികളും ഇടതുപക്ഷവും തമ്മിലുള്ള ബന്ധം തകർക്കാൻ ചില സ്ഥാപിത താൽപര്യ

ക്കാരാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചെറിയതുറ സംഭവത്തിൽ മരണപ്പെട്ട വരുടെ കുടുംബാംഗങ്ങൾക്ക് നൽകിയ ധനസഹായം അപര്യാപ്തമാണെങ്കിലും പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. തലസ്ഥാന നഗര വികസന പദ്ധതിയിൽ ട്രിഡ, കോർപ്പറേഷൻ ഇവയെ ഒഴിവാക്കിക്കൊണ്ട് പുതിയ കമ്പനി ഉണ്ടാക്കി വർക്ക് അവാർഡ് ചെയ്തതിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കണം.

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഫുൾ ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ഇതുവരെ അതിന് സാധിച്ചിട്ടില്ല.അടുത്ത വർഷം ഫുൾ ബഡ്ജറ്റ് അവതരിപ്പിക്കാൻ നടപടി ആരംഭിക്കണം. ബഡ്ജറ്റ് ഡോക്യുമെന്റുകളിൽ വർക്കുകളും എമൗണ്ടുകളും ആവർത്തിച്ച് അച്ചടിക്കുന്നത് ഒഴിവാക്കാൻ വേണ്ട നടപടി സ്വീകരിക്കണം. അപകടാവസ്ഥയിലുള്ള മുല്ലപ്പെരിയാർ ഡാമിനെ ബലപ്പെടുത്തിയെടുക്കാൻ സാധിക്കില്ലെന്ന വിദഗ്ദ്ധ സമിതിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി തുക വകയിരുത്തി പുതിയ ഡാമിന്റെ നിർമ്മാണ പ്രവർത്ത നങ്ങൾക്ക് തുടക്കംക്കുറിച്ചുകൊണ്ട് ആ പ്രദേശത്തെ ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണം. കാലാവസ്ഥയിലുണ്ടായ മാറ്റംമൂലം വരുംവർഷങ്ങളിൽ കുടിവെള്ളത്തിന് ഉണ്ടാകാൻ പോകുന്ന ക്ഷാമം മുൻകൂട്ടികണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാര നടപടി സ്വീകരിക്കണം. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികളുടെ എണ്ണം തിട്ടപ്പെടുത്തി അവ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ബണ്ട് നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം. ചെറുകിട

കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം നടത്തുന്ന തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് അതിലേയ്ക്കാവശ്യമായ ഓഫീസും ടെക്നിക്കൽ സ്റ്റാഫും സാമ്പത്തികസഹായവും നൽകണം. വാട്ടർ അതോറിറ്റിയും തദ്ദേശ ഭരണ സ്ഥാപനങ്ങളും കറന്റ് ചാർജ്ജ് കുടിശ്ശിക വരുത്തുന്നതിന്റെ പേരിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നത് ഒഴിവാക്കി സേവനമേഖലയായി കണക്കാക്കി ഈ കുടിശ്ശിക ബുക്ക് അഡ്ജസ്റ്റ്മെന്റിലൂടെ തീർപ്പാക്കാൻ ശ്രമിക്കണം. മുടങ്ങിക്കിടക്കുന്ന ശുദ്ധജല പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനും പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാനും നടപടി സ്വീകരിക്കണം. ജലനിധി പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കാനും ജപ്പാൻ കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനും നടപടി സ്വീകരിക്കണം. ഭവനനിർമ്മാണ വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ നടപ്പാക്കിയിരുന്ന ഒ.ടി.എസ്. പദ്ധതി പുനരാരംഭിക്കണം.

<u>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വനം, ജലസേചനം, കുടിവെള്ള വിതരണം, ഭവനനിർമ്മാണം എന്നീ വകുപ്പു കളുടെ പ്രവർത്തനത്തിൽ അഭിമാനകരമായ നേട്ടമാണ് ഈ ഗവണ്മെന്റ് കൈവരിച്ചിട്ടുള്ളത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഒരു ജല നയം രൂപപ്പെടുത്തുകയും അതിൽ ഊന്നിനിന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. മുടങ്ങിക്കിടന്നിരുന്ന കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു. 45 വൻകിട കുടിവെള്ള പദ്ധതികളും 200 കുടിവെള്ള വിതരണപദ്ധതികളും പൂർത്തീകരി ക്കാൻ ഈ ഗവണ്മെന്റിന് കഴിഞ്ഞു. മുടങ്ങിക്കിടന്ന ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സ്പാൻ

പദ്ധതി പ്രകാരം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു. ജലനിധി പദ്ധതി പ്രകാരം 1550 ചെറുകിട പദ്ധതികളും 5 ബൃഹത് പദ്ധതികളും പൂർത്തീകരിക്കാൻ കഴിഞ്ഞു. ഗുണനിലവാരമി ല്ലാത്തതും കാലപ്പഴക്കം വന്നതുമായ പൈപ്പുകളും പമ്പുകളും മാറ്റുന്നതിന് ഒരു റിഹാബിലിറ്റേഷൻ പാക്കേജിന് രൂപം നൽകിയത് സ്വാഗതാർഹമാണ്. പ്രോജക്ട് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചതിന്റെ ഫലമായി തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ ശുദ്ധജലവിതരണ പദ്ധതി കളും മലിനജലനിർമ്മാർജ്ജന പദ്ധതികളും നടപ്പാക്കാനുള്ള അനുമതി നേടിയെടുക്കാൻ കഴിഞ്ഞു. എക്സിക്യൂട്ടീവ് എൻജിനീയറുടെ നേതൃത്വ ത്തിൽ 13 പ്രോജക്ട് ഓഫീസുകൾ തുറന്നുകൊണ്ട് സമയബന്ധിതമായി കുടി വെള്ള പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നിരന്തരമായു ണ്ടാകുന്ന പൈപ്പ് പൊട്ടലും ലീക്കേജും പരിഹരിക്കാനായി തിരുവനന്തപുരം പി.എച്ച്. ഡിവിഷൻ കേന്ദ്രീകരിച്ച് ബ്ളൂ ബ്രിഗേഡ് സംവിധാനത്തിന് തുടക്കം കുറിച്ചത് സ്വാഗതാർഹമാണ്. പതിനായിരം ലിറ്റർവരെ കുടിവെള്ളം ഉപയോഗിക്കുന്നവർക്ക് സൗജന്യ നിരക്ക് ഏർപ്പെടുത്തിക്കൊണ്ട് സാധാരണക്കാരെ ഒട്ടും ബാധിക്കാത്ത തരത്തിലാണ് ഈ സർക്കാർ വെള്ളക്കരം വർദ്ധിപ്പിച്ചത്. അപേക്ഷിച്ച് ഏഴ് ദിവസത്തിനകം വാട്ടർ കണക്ഷൻ കിട്ടാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു. വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ നടപടികൾ ആരംഭിച്ചു. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിന് സമഗ്ര പദ്ധതികൾ നടപ്പിലാക്കിവരുന്നു. മലബാർ ഇറിഗേഷൻ പദ്ധികൾക്ക് രൂപം നൽകണം. ഫ്ളഡ് ഡാമേജ് വർക്കിന് ആവശ്യമായ തുക മാറ്റിവയ്ക്കണം. കല്ലറ-പാങ്ങോട്-വാമനപുരം-പനവൂർ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണം. കരകുളം സ്പാൻ

പദ്ധതി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം. അരുവിക്കരയിൽ പ്രവർത്തനം നിന്നുപോയ വാട്ടർ അതോറിറ്റി കുപ്പിവെള്ള വിതരണ പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി നല്ല രീതിയിൽ മുന്നോട്ടുപോകുകയാണ്. ദുർബല ജനവിഭാഗങ്ങൾക്ക് ഹൗസിംഗ് ബോർഡ് വഴി നൽകിയ ഭവന നിർമ്മാണ വായ്പകൾ എഴുതിത്തള്ളിയത് സ്വാഗതാർഹമാണ്. വനസംരക്ഷണ രംഗത്തും വനപരിപാലന രംഗത്തും നല്ല മുന്നേറ്റമുണ്ടാക്കുന്നതിനും ചന്ദന മാഫിയകളെ അടിച്ചമർത്തുന്നതിനും നടപടി സ്വീകരിച്ചു. ജനങ്ങളുടെയാകെ വിശ്വാസം ആർജ്ജിച്ചുകൊണ്ട് നിരവധി വികസന പ്രവർത്തനങ്ങളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. തോമസ് ചാഴികാടൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വാഗ്ദാനങ്ങൾ ലംഘിക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെ ഭരണം നടത്തുന്നത്. വേമ്പനാട്ട് കായലിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിച്ചിരുന്ന തണ്ണീർമുക്കം ബണ്ട് പുനർനിർമ്മാണ പദ്ധതി നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്ന തുക വേണ്ടവിധം വിനിയോഗിക്കാൻ നടപടി സ്വീകരിക്കണം. സെക്രട്ടറിതല ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വം കാര്യക്ഷമമായി നിറവേറ്റത്തക്കവിധത്തിൽ അവർക്ക് ചുമതല നൽകുന്ന വകുപ്പുകളുടെ വിഭജനം നടത്താൻ സർക്കാർ തയ്യാറാകണം. മീനച്ചൽ നദീതട പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കേരള വാട്ടർ അതോറിറ്റി വെള്ളക്കരത്തിൽ വരുത്തിയ

വർദ്ധനവ് ന്യായീകരിക്കാനാവാത്തതാണ്. പഴയ ശുദ്ധജല വിതരണ പദ്ധതികൾ പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഹൗസിംഗ് ബോർഡോ ഗവൺമെന്റോ പ്രത്യേകമായി തുക വകയിരുത്തിയിട്ടി ല്ലാത്ത സാഹചര്യത്തിൽ എം.എൻ. ലക്ഷംവീട് പുനരുദ്ധാരണ പദ്ധതി എങ്ങനെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കണം. കുറച്ചു കൂടി ഭാവനാസമ്പന്നമായ മറ്റൊരു പദ്ധതി തയ്യാറാക്കി ലക്ഷം വീടുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം.

<u>ശ്രീ. വി. ചെന്താമരാക്ഷൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജലസേചനം, വനം, ഭവന നിർമ്മാണം എന്നീ വകുപ്പുകൾ മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് സമഗ്രമായ ഒരു ജല നയം ആവിഷ്ക്കരിച്ചുകൊണ്ട് എല്ലാവർക്കും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുകയാണ്. സാമൂഹിക, പാരിസ്ഥിതിക, ഭൗതിക പശ്ചാത്തലത്തിന് ഒരു കോട്ടവും സംഭവിക്കാതെ കുടിവെള്ളം, കൃഷി, ഇലക്ട്രിസിറ്റി, വ്യവസായം എന്നിങ്ങനെ മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട് ജലസേചന വകുപ്പ് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എൽ.ഐ.സി.യുടെ സഹായം നിന്നുപോയതു കൊണ്ട് തടസ്സപ്പെട്ടുകിടന്ന 37 പദ്ധതികൾ 870 കോടി രൂപ ചെലവഴിച്ചു കൊണ്ട് സ്പാൻ (Special Package Assisted by NABARD) എന്ന പ്രോജ ക്ടിലൂടെ ഇരുപത് ലക്ഷം ആളുകൾക്ക് ഗുണകരമാകുന്ന രീതിയിൽ നടപ്പിലാക്കി. കൊല്ലങ്കോട് നിയോജകമണ്ഡലത്തിലെ കൊടുവായൂർ

പഞ്ചായത്തിലെ ആയിരക്കണക്കിന് ആളുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിന് സാധിച്ചു. 2011-ഓടെ എല്ലാ വീടുകളിലും കുടിവെള്ളം, വൈദ്യുതി എന്നിവ എത്തിക്കുക, എല്ലാവർക്കും വീടുണ്ടാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനവുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. എല്ലാവർക്കും കുടിവെള്ളം എന്ന പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി കുഴൽക്കിണറുകളെ കൂടുതലായി ആശ്രയിക്കുമ്പോൾ പാരിസ്ഥിതിക പ്രശ്നങ്ങൾകൂടി കണക്കിലെടുക്കേണ്ടതാണ്. ധാരാളമായി മഴ ലഭിക്കുന്ന സംസ്ഥാനത്ത് ഉപരിതലജലം കൂടുതലായി ഉപയോഗപ്പെടുത്താൻ സാധിക്കുന്ന രൂപത്തിൽ മാതൃകാപരമായ ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. മലമ്പുഴ അണക്കെട്ടുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതിയുടെ പൂർത്തീകരിച്ച രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതോടൊപ്പം മൂന്നാംഘട്ടത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണം. ജല വിതരണ രംഗത്ത് മാതൃകാപരമായ പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഐ.പി.ഡി. ഡിവിഷൻ പാലക്കാട്ട് പുന:സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നിർമ്മാണ മേഖലയിൽ അനുഭവപ്പെടുന്ന മണലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് ഡാമുകളിൽ അടിഞ്ഞുകൂടുന്ന മണൽ വാരിയെടുക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. അപേക്ഷ കൊടുത്ത് ഏഴ് ദിവസത്തിനകം തിരുവനന്തപുരം സിറ്റിയിൽ കുടിവെള്ളം കൊടുക്കുന്നതിന് മാതൃകാപരമായ നടപടി സ്വീകരിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം നടത്തി കേരളത്തിന് അർഹമായ അളവിൽ വെള്ളം ലഭ്യമാക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കണം. പലകപ്പാണ്ടി

പദ്ധതിയുടെ നാലാമത്തെ റീച്ചിന്റെ പണി അടിയന്തിരമായി പൂർത്തി യാക്കണം. തോട്ടങ്ങളെ കടുവാ സങ്കേതത്തിന്റെ കോർ മേഖലയിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കണം. സൈലന്റ് വാലി ബഫർ സോണായി പ്രഖ്യാപിച്ചതുൾപ്പെടെ ഒട്ടേറെ കാര്യങ്ങളിൽ പരിസ്ഥിതി വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ ഗവണ്മെന്റിന് സാധിച്ചു. സമൂഹത്തിന് പുതിയ അവബോധം സൃഷ്ടിച്ച് കേരളത്തിന്റെ പാരിസ്ഥിതിക സാമൂഹിക സാംസ്ക്കാരിക മുന്നേറ്റത്തിന് ഉതകുന്ന ഒട്ടേറെ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള ത്തിൽ ധാരാളം ജലമുണ്ടെങ്കിലും അത് വിനിയോഗിക്കപ്പെടുന്നില്ല, വനങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്നുള്ള അവസ്ഥയ്ക്ക് മാറ്റം വരുത്താൻ സാധിച്ചിട്ടുണ്ട്. പ്രവർത്തനം മുടങ്ങിക്കിടന്ന അങ്കമാലി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതിയെ സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചതിൽ ജലസേചന വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. അയ്യമ്പുഴ പഞ്ചായത്തിൽ അനുഭവപ്പെ ടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടിയുണ്ടാകണം. വാട്ടർ അതോറിറ്റിയിൽ സ്കീമുകൾ തയ്യാറാക്കുന്നതിന് പ്രത്യേക ഹെഡ് അനുവദിക്കണം. ഇടമലയാർ പദ്ധതി പ്രത്യേകം ശ്രദ്ധചെലുത്തി പാർഷ്യലായി കമ്മീഷൻ ചെയ്യാൻ നടപടിയുണ്ടാകണം. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനമുണ്ടാകണം. ജലമോഷണത്തിനുള്ള ശിക്ഷ വർദ്ധിപ്പിക്കണം. ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിന്റെ റീ-വാമ്പിംഗിന് തുക കണ്ടെത്തണം. വാട്ടർ ചാർജ് പിരിച്ചെടുക്കാനുള്ള നടപടി ഊർജ്ജിതമാ

ക്കണം. മൈനർ ഇറിഗേഷൻ പദ്ധതികൾ നിന്നുപോകുന്ന സ്ഥിതിക്ക് മാറ്റമുണ്ടാകണം. ഇറിഗേഷൻ വിംഗിനെ പി.ഡബ്ളിയു.ഡി.യിൽ നിന്ന് മാറ്റി വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കൊണ്ടുവരണം. അങ്കമാലിയിലുള്ള രണ്ട് വനം ഡിവിഷനുകളെ ഏകോപിപ്പിച്ച് ഒറ്റ ഡിവിഷനാക്കണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രകൃതിയുടെ അമൂല്യ വരദാനമായ ജലവും വനവും സംരക്ഷിക്കുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റി കേരള ത്തിലെ മാതൃക ജനസേവന സ്ഥാപനമായി മാറിക്കഴിഞ്ഞു. മുടങ്ങിക്കിടന്ന ചെറുകിട ജലസേചന പദ്ധതികളടക്കം പുനരാവിഷ്കരിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ ആത്മാർത്ഥമായി നടപടി സ്വീകരിച്ചുവരികയാണ്. മഴ മൂന്നിലൊന്നായി കുറഞ്ഞിട്ടും സംസ്ഥാനത്ത് വെള്ളം കിട്ടുന്നുവെന്നത് ശ്രദ്ധേയമാണ്. ആഗോള സാമ്പത്തിക മാന്ദ്യമുണ്ടായിട്ടുപോലും ട്രഷറി പൂട്ടേണ്ടി വന്നില്ല. ഓരോ വകുപ്പിന്റെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്നതരത്തിലുള്ള ഭരണ സംവിധാനങ്ങളാണ് കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് സർക്കാർ നടപ്പിലാക്കുന്നത്. 2011-ഓടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ ജലനിധി പദ്ധതികളിൽകൂടി 5 ബൃഹത് ജല പദ്ധതികളും 150 ചെറുകിട പദ്ധതികളും പുന:സ്ഥാപിക്കാനും സ്കൂളുകളിൽ 773 പദ്ധതികളും 2997 വർഷ യൂണിറ്റ് പദ്ധതികളും പ്രാവർത്തികമാക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാം പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് ഒരു പുതിയ ഡാം പണിയുന്ന

തിന് സഭ റെസല്യൂഷൻ പാസ്സാക്കണം. പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തണം. ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിക്കുന്നതിന് എല്ലാ വകുപ്പുകളുമായി ആലോചിച്ച് ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കണം. വരൾച്ചക്കാലത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചെറുകിട പദ്ധതികൾ ആവിഷ്ക്കരിച്ച് അവ സമയബന്ധിതമായി പൂർത്തീകരിക്കണം. പൊതു ജലവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ക്വാളിറ്റിയുള്ള പൈപ്പുകൾ സ്ഥാപിക്കണം. വനസമ്പത്ത് സംരക്ഷിക്കുന്നതിനും ചന്ദന മാഫിയയുടെ പ്രവർത്തനങ്ങൾ തടയാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വനപാലകരുടെ ഒഴിവുകൾ നികത്തുന്നതിനും അവർക്ക് ആധുനിക രീതിയിലുള്ള ആയുധങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കണം. വനസമ്പത്ത് സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള അനുവാദം ആദിവാസികൾക്ക്കൂടി നൽകണം. ഹൗസിംഗ് ബോർഡിൽ നിന്നും വായ്പയെടുത്തവരുടെ കടങ്ങൾ എഴുതിത്തള്ളുകയും പ്രമാണങ്ങൾ തിരികെ നൽകുകയും ചെയ്തത് അഭിനന്ദനാർഹമാണ്.

<u>ശ്രീ. എം.ജെ. ജേക്കബ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എടുത്തുപറയാവുന്ന നേട്ടങ്ങളുമായി ഈ സർക്കാർ മുന്നോട്ട് പോവുകയാണ്. ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം സംസ്ഥാനത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ ശ്രദ്ധേയമാണ്. ശുദ്ധജല വിതരണ രംഗത്ത് 1995 മുതൽ മുടങ്ങിക്കിടന്നിരുന്ന 37 ജലസേചന പദ്ധതികളുടെ പണി ആരംഭിച്ചുകഴിഞ്ഞു. പിറവം ബ്രാഞ്ച് കനാലിന്റെ നിർമ്മാണം പൂർത്തിയാക്കി. ചൂണ്ടി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ

നടക്കുകയാണ്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി ആറ് കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന് കൂടുതൽ തുക അനുവദിക്കണം. കാലപ്പഴക്കം വന്ന മോട്ടോറുകൾ മാറ്റി പുതിയവ സ്ഥാപിക്കണം. മുളന്തുരുത്തിയിലുള്ള വാട്ടർ അതോറിറ്റിയുടേയും ഇറിഗേഷന്റേയും സെക്ഷൻ ഓഫീസുകൾ നിലനിർത്തണം. എം.ഐ.പി.യുമായി ബന്ധപ്പെട്ടുകൊണ്ട് നാല് കോടിയോളം രൂപ മുടക്കിയ ഉപ്പുകണ്ടം ബ്രാഞ്ച് കനാലിന്റേയും ദേവമാതാ കുന്നിന്റേയും ലാന്റ് അക്വിസിഷൻ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കണം. ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതി എന്നിവ മുന്നോട്ട് കൊണ്ടുപോയാൽ സമൂഹത്തിൽ വലിയ മാറ്റമുണ്ടാകും. വനം വിസ്തൃതി മൂന്നു ശതമാനം കൂടിയിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും പലയിടത്തും കുറയുകയാണ്.

<u>ശ്രീ. പി. എം. എ. സലാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും വീട് എന്ന മഹത്തായ സന്ദേശവുമായി മുന്നോട്ട് പോകുന്ന ജലവിഭവം, വനം എന്നീ വകുപ്പുകൾ വളരെയധികം പ്രകീർത്തിക്കപ്പെടേണ്ടതാണ്. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി യുദ്ധകാലാടിസ്ഥാനത്തിലുള്ള പരിപാടികൾ നടപ്പാക്കുകയും മുടങ്ങിക്കിടന്ന പദ്ധതികൾ ഏറ്റെടുക്കാൻ സ്പാൻ പദ്ധതിയിലൂടെ കോടികൾ ചെലവഴിച്ചുകൊണ്ടിരിക്കുകയുമാണ്. കുടി വെള്ളവിതരണ പദ്ധതികളുടെ ഭാഗമായി പൊളിച്ചിട്ട റോഡുകൾ ഗതാഗതയോഗ്യമാക്കണം. കാലപ്പഴക്കമുള്ളതും ഗുണനിലവാരം ഇല്ലാത്തതുമായ മോട്ടോറുകളും പൈപ്പുകളും മാറ്റി സ്ഥാപിക്കണം. കോഴിക്കോട് നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണം. ജെ.ബി.ഐ.സി. പദ്ധതിയിൽത്തന്നെ പൈപ്പുകളും മോട്ടോറുകളും മാറ്റി

സ്ഥാപിക്കുന്നതിൽ ജാഗ്രത പുലർത്തണം. തോടുകൾ വൃത്തിയാക്കണം. ഇ.എം.എസ്. ഭവന പദ്ധതിയും എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതിയും യുദ്ധകാലാടിസ്ഥാനത്തിൽ സാക്ഷാത്കരിക്കണം. ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ചന്ദനത്തടിയും ചന്ദനത്തൈലവും മോഷണം പോകുന്നത് നിത്യസംഭവമായിരുന്നെങ്കിൽ ഇന്ന് അത്തരത്തിലുള്ള വാർത്തകളൊന്നും കേൾക്കാനില്ല. മരങ്ങൾ സംരക്ഷിക്കുന്നതിനായി 'എന്റെ മരം', 'നമ്മുടെ മരം, 'ഹരിത തീരം' എന്നീ പദ്ധതികളുമായി മുന്നോട്ട് പോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലവിഭവം, വനം എന്നീ വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ട് ദീർഘവീക്ഷണത്തോടുകൂടിയുള്ള ഒട്ടേറെ പരിപാടികൾ നടപ്പാക്കിക്കൊണ്ട് മുന്നോട്ടുപോവുകയാണ്. വനസംരക്ഷണത്തിലും വനവൽക്കരണത്തിലും ചരിത്രപരമായ നേട്ടമാണുണ്ടാക്കിയിട്ടുള്ളത്. വനവിസ്തൃതി മൂന്ന് ശതമാനം വർദ്ധിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളുമായി ബന്ധപ്പെട്ട് 'എന്റെ മരം' പദ്ധതി, ചുമട്ടുതൊഴിലാളികളുമായി ബന്ധപ്പെട്ട് 'വഴിയോര തണൽ' പദ്ധതി, സുനാമി പോലുള്ള ദുരന്തങ്ങളുണ്ടാകാതിരിക്കാൻ തീരദേശവാസികളുടെ സഹായത്തോടെയുള്ള കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്ന 'ഹരിത തീരം' പദ്ധതി എന്നീ മാതൃകാപരമായ പദ്ധതികൾ നടപ്പാക്കിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ഈ സർക്കാർ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുകയും വനം മാഫിയകൾക്കെതിരെ ശക്തവും ഫലപ്രദവുമായ നടപടി സ്വീകരിക്കുകയും ചെയ്തു. വനം വകുപ്പിൽ നിലനിന്നിരുന്ന അഴിമതി

തുടച്ചുനീക്കാൻ കർശന നടപടി സ്വീകരിച്ചു. വാളയാർ ചന്ദന മോഷണ ക്കേസ് അന്വേഷണം സി.ബി.ഐ-യെ ഏല്പിച്ചു. തടിലേല വ്യവസ്ഥകൾ ലളിതവും സുതാര്യവുമാക്കി. സമ്പൂർണ്ണ പാർപ്പിട നിർമ്മാണ പദ്ധതി നടപ്പാക്കിയതുമൂലം സമൂഹത്തിലെ പാവപ്പെട്ടവരും ദുർബലരുമായ ആയിരക്കണക്കിന് ആളുകൾക്ക് ആശ്വാസം നൽകാൻ കഴിഞ്ഞു. ലക്ഷംവീടുകളുടെ പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിക്കുകയും വീട് നവീകരണത്തിലുള്ള സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്തു. സുനാമി ഭവന നിർമ്മാണ പദ്ധതിയും പട്ടികജാതിക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതികളും വളരെ വേഗത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. നിർമ്മാണ സാമഗ്രികളുടെ മാർക്കറ്റ് വില പിടിച്ചു നിർത്തുന്നതിനുവേണ്ടിയുള്ള കലവറ പദ്ധതി എല്ലാ മണ്ഡലങ്ങളിലും വ്യാപിപ്പിക്കണം. നിർജ്ജീവമായിരുന്ന ഭവനനിർമ്മാണ ബോർഡ് പ്രവർത്തനക്ഷമമാക്കി. നവീന പദ്ധതികൾ ആവിഷ്ക്കരിച്ച് നല്ല ധനകാര്യ മാനേജ്മെന്റിലൂടെ സംസ്ഥാനത്തിലെ സമസ്ത മേഖലകളെയും ഏകോപിപ്പിച്ചുകൊണ്ടുപോകാൻ ഈ സർക്കാരിന് സാധിച്ചു. 15 പദ്ധതികളിലായി 41500 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ബോർഡിന്റെ സഹായം ലഭ്യമായിട്ടുണ്ട്. 183 കോടി രൂപയുടെ കട ബാദ്ധ്യത എഴുതിത്തള്ളാനും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഹൗസിംഗ് ബോർഡിനെ പുനരുദ്ധരിക്കാനും ഈ സർക്കാരിന് സാധിച്ചു. എല്ലാവർക്കും കുടിവെള്ളം എന്ന കേന്ദ്രീകൃത ലക്ഷ്യത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ജല നയത്തിന് രൂപം നൽകുകയും കാര്യക്ഷമമായ ഇടപെടലുകളിലൂടെ ഈ രംഗത്ത് നല്ല മാറ്റമുണ്ടാക്കുകയും ചെയ്തു. ജലസ്രോതസ്സുകളെ സംരക്ഷിച്ചുകൊണ്ട് ഭൂഗർഭ ജലത്തിന്റെ അളവ് വർദ്ധിപ്പിക്കത്തക്ക രീതിയിലുള്ള പദ്ധതികൾ തയ്യാറാക്കണം. കൂടുതൽ മഴവെള്ള സംഭരണികൾ നിർമ്മിക്കണം.

ഭൂമി സംരക്ഷിക്കാനും നിലം നികത്താതിരിക്കാനുമുള്ള നിയമങ്ങൾ സർക്കാർ പാസ്സാക്കിയത് സ്വാഗതാർഹമാണ്. എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ ഏറ്റെടുത്തതും പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടതുമായ പദ്ധതികളും നബാർഡ് സഹായത്തോടെയുള്ള ജപ്പാൻ കുടിവെള്ള പദ്ധതിയും ത്വരിതഗതിയിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. 41 ലക്ഷം പേർക്കാണ് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നത്. 45 വൻകിട കുടിവെള്ള പദ്ധതികളും 200 ചെറുകിട കുടിവെള്ള പദ്ധതികളും പൂർത്തിയാക്കി 3 വർഷത്തിനുള്ളിൽ പത്ത് ലക്ഷം പേർക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു. ബി.പി.എൽ കുടുംബങ്ങൾക്ക് പ്രതിമാസം 10000 ലിറ്റർ വെള്ളം സൗജന്യമായി കൊടുക്കാൻ നടപടി സ്വീകരിച്ചു. ജലനിധി പദ്ധതിയിലൂടെ 4.37 ലക്ഷം പേർക്ക് കുടിവെള്ളമെത്തിച്ചു. വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തി. അപേക്ഷിച്ച് 7 ദിവസത്തിനുള്ളിൽ കുടിവെള്ളമെത്തിക്കാനുള്ള പദ്ധതി നടപ്പാക്കി. ഇനിയും കുടിവെള്ളം ലഭ്യമാകാത്ത സ്ഥലങ്ങളിൽ അതിനുള്ള സൗകര്യം ചെയ്തുകൊടുക്കാൻ നടപടിയുണ്ടാകണം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ മലീമസമായി കിടക്കുന്ന പുലമൺതോട് മാലിന്യമുക്തമാക്കാനും പ്രകൃതിരമണീയമായ മീൻപിടിപ്പാറ സംരക്ഷിക്കപ്പെടാനുമുള്ള പദ്ധതികൾക്ക് അംഗീകാരം നൽകണം. തെന്മല ഡാമിന്റെ ജലസംഭരണശേഷി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നിയമവിധേയമായി മണലും ചെളിയും നീക്കം ചെയ്യാനുള്ള നടപടി സ്വീകരിക്കണം. മുല്ലപ്പെരിയാർ ഡാമിന്റെ കാര്യത്തിൽ വളരെ ശക്തമായി

ഇടപെടാനും സുപ്രീംകോടതിയിൽനിന്നും അനുകൂലമായ ഉത്തരവ് വാങ്ങിക്കാനും കഴിഞ്ഞത് ശ്രദ്ധേയമാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭൂമിയെ ആരോഗ്യകരമായ വിധത്തിൽ രക്ഷിക്കാനുള്ള ഒരുപാട് നല്ല നടപടികൾ വനം വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. നീലക്കുറിഞ്ഞി സാങ്ച്വറി, മയിൽ സങ്കേതം, സൈലന്റ് വാലി ബഫർസോൺ, രണ്ടാമത്തെ ടൈഗർ റിസർവ്വ് തുടങ്ങിയ കാര്യങ്ങൾ എല്ലാംതന്നെ ചരിത്രത്തിന്റെ ഭാഗമാകാൻ പോകുകയാണ്. തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആരംഭിച്ച നാട്ടാന പുനരധിവാസ കേന്ദ്രം ഇന്ത്യയിലെത്തന്നെ ഇത്തരത്തിലുള്ള ആദ്യത്തെ കേന്ദ്രമാണ്. സംസ്ഥാനത്ത് നിലവിലിരിക്കുന്ന ഇ.എഫ്.എൽ. ആക്ട് ജനദ്രോഹപരമായ ഒരു നിയമമാണ്. തടി ലേലം ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള നടപടികൾ സുതാര്യമാക്കിയത് നല്ല കാര്യമാണ്. കാഞ്ഞിരപ്പള്ളി വന പ്രദേശത്തുള്ള പശ്ചിമ റോഡിന്റെ പണി നബാർഡ് സ്കീമിൽപ്പെടുത്തി ചെയ്യുമെന്ന് അറിയിച്ചിട്ട് നാളിതുവരെ ഡി.എഫ്.ഒ.യുടെ ഓഫീസിൽനിന്നും ആ ഫയൽ മുന്നോട്ട് നീങ്ങിയിട്ടില്ല. മണിമല പഞ്ചായത്തിൽ അഞ്ച് വർഷം മുമ്പ് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയ ഭൂമിക്ക് പട്ടയം നൽകാനുള്ള നടപടി ത്വരിതപ്പെടുത്തണം. ലക്ഷംവീടുകളുടെ പുനരുദ്ധാരണവും ഇ.എം.എസ്. പാർപ്പിട പദ്ധതിയും യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്ഥാനത്തെ പാർപ്പിട പ്രശ്നത്തിന് ഒരളവുവരെ പരിഹാരമാകും. മുല്ലപ്പെരിയാർ വിഷയത്തിൽ ഡാം സേഫ്റ്റി അതോറിറ്റി പ്രവർത്തിക്കേണ്ടത് സുപ്രീംകോടതിയുടെ കീഴിലല്ല. സുപ്രീംകോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ട് ഡാം ഡീ-കമ്മീഷൻ ചെയ്യുകയില്ലെന്ന് പറയുന്നത്

ന്യായീകരിക്കാൻ കഴിയുകയില്ല. കാഞ്ഞിരപ്പള്ളി കുടിവെള്ള പദ്ധതിക്ക് സാംങ്ഷൻ ലഭിച്ച് രണ്ട് വർഷമായിട്ടും 2007-ലെ ഷെഡ്യൂൾ റേറ്റ് വച്ചതിനാൽ ആ പദ്ധതിക്ക് 90 ശതമാനം തുക അധിക ചെലവുവരുമെന്ന് പറഞ്ഞ് ധനകാര്യ വകുപ്പ് അംഗീകരിക്കാത്ത സ്ഥിതിയുണ്ട്. രണ്ടായിരാമാണ്ടിൽ തുടങ്ങിയ മണിമല കുടിവെള്ള പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല. മൂന്ന് കോടിയോളം വരുന്ന ശബരിമല തീർത്ഥാടകർക്ക് പ്രയോജനകരമാകുന്ന എരുമേലി സൗത്ത് വാട്ടർ സപ്ലൈ സ്കീമിന്റെ പണി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംരക്ഷിത പ്രദേശത്ത് പുതുജീവനും സാമൂഹ്യ വനവൽക്കരണത്തിന് പുതിയ മുഖഛായയും നൽകി. വനംകയ്യേറ്റം തടഞ്ഞും, വനഭൂമി തിരിച്ചുപിടിച്ചും, വനനശീകരണ പ്രവർത്തനങ്ങൾക്ക് അറുതി വരുത്തിയും, റിസർവ്വ് വനഭൂമി മൂന്ന് ശതമാനം വർദ്ധിപ്പിച്ചും സമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ ധീരമായ നടപടികളുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. എന്റെ മരം, ഹരിത കേരളം, ഹരിത തീരം എന്നീ പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പരിശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സൈലന്റ് വാലി ബഫർ സോൺ ഏർപ്പെടുത്തുകയും മൂന്നാറിൽ നീലക്കുറിഞ്ഞി സാങ്ച്വറി ഉണ്ടാക്കുകയും ചെയ്തു. മയിൽ സങ്കേതം, ഇൻഡ്യയിൽ ആദ്യത്തെ കടലുണ്ടി-വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്, പറമ്പിക്കുളം കടുവ സങ്കേതം, മംഗള വനം പ്രകൃതി പഠന കേന്ദ്രം, ഒറ്റപ്പെട്ട വന്യജീവികളുടെ പരിപാലനത്തിനായി മലയാറ്റൂരിൽ പൂർത്തിയായി വരുന്ന പദ്ധതി, ആദിവാസിക്ഷേമ പദ്ധതി, പങ്കാളിത്ത വന പരിപാലനം, കാവുകളുടെ സംരക്ഷണം, ഇ.ഡി.സി.കളുടെ പ്രവർത്തനം തുടങ്ങിയവ പ്രത്യേക പ്രശംസ

അർഹിക്കുന്ന വിഷയങ്ങളാണ്. പാവപ്പെട്ട നിരവധി കുടുംബങ്ങളുടെ കട ബാദ്ധ്യത എഴുതിത്തള്ളിക്കൊണ്ട് അവരുടെ ആധാരങ്ങൾ തിരിച്ചു നൽകിയ നടപടി ശ്ലാഘനീയമാണ്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഒരിക്കൽ കൂടി നടപ്പാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് സുപ്രീംകോടതിയിൽ നിന്ന് അനുകൂലമായ വിധി നേടിയെടു ക്കുന്നതിൽ ഈ ഗവൺമെന്റ് വിജയിച്ചു. ഡാമിന്റെ സുരക്ഷയുമായി ബന്ധ പ്പെട്ട് ഡാം ഡീ-കമ്മീഷൻ ചെയ്യാൻ അനുകൂലമായ തീരുമാനമുണ്ടാക്കാൻ ഗവൺമെന്റിന് സാധിക്കണം. തമിഴ്നാട് സർക്കാരുമായി ഉഭയകക്ഷി ചർച്ച യിലൂടെ രാഷ്ട്രീയ തീരുമാനം ഉണ്ടാക്കാൻ കഴിഞ്ഞാൽ മാത്രമേ മുല്ലപ്പെരി യാർ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. ജലചൂഷണം തടയുന്ന തിനും ജലമാഫിയകളെ നിലയ്ക്ക് നിറുത്താനുമുള്ള നിയമനിർമ്മാണം നട ത്തണം. 2011 ഓടെ എല്ലാവർക്കും കുടിവെള്ളം എന്ന ജല നയത്തിലെ പ്രഖ്യാപനം പ്രാവർത്തികമാക്കണം. ജല മോഷണം നടത്തുന്നവരെ പിടികൂ ടുന്നതിനും ശിക്ഷിക്കുന്നതിനുമായി നിയമം ഭേദഗതി ചെയ്തത് നല്ല കാര്യ മാണ്. ജല വിതരണ പദ്ധതികളുടെ പണികൾ സമയബന്ധിതമായി പൂർത്തീ കരിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ കാണിക്കുന്ന അനാസ്ഥകൾക്കെ തിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാൻ നിയമനിർമ്മാണം ആവശ്യമാണ്. പീരുമേട് മണ്ഡലത്തിൽ 1998-ൽ ആരംഭിച്ച ഹെലിബെറിയ വാട്ടർ സപ്ളൈ സ്കീം എത്രയും പെട്ടെന്ന് നടപ്പിലാക്കണം. ചെറുകിട ജലസേചന അതോ റിറ്റി രൂപീകരിച്ച് ചെറുകിട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതി നുള്ള നടപടിയുണ്ടാകണം.

<u>ശ്രീ.കെ.വി.കുഞ്ഞിരാമൻ:</u> ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ജല വിഭവ വകുപ്പും ഭവനനിർമ്മാണ വകുപ്പും മികച്ച പ്രവർത്തനങ്ങളാണ്

കാഴ്ച വയ്ക്കുന്നത്. സംസ്ഥാന ഗവൺമെന്റ് സമർത്ഥമായി ഇടപെട്ടതിന്റെ ഫലമായി മുല്ലപ്പെരിയാർ പ്രശ്നത്തിൽ രണ്ട് സംസ്ഥാനങ്ങളും തമ്മിൽ ഉഭയകക്ഷി ചർച്ചയിലൂടെ പരിഹാരം കാണണമെന്ന നിലപാട് സുപ്രീം കോടതി വിധിയിലൂടെ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാമിന്റെ അപകടഭീഷണിയുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഇടപെടൽ ജനങ്ങൾ അംഗീകരിക്കുന്നതാണ്. പഴയ ഡാം പൊളിച്ച് പുതിയ ഡാം നിർമ്മിക്കേണ്ടത് സംസ്ഥാനത്തിന്റെ അവകാശമാണെന്ന രീതിയിൽ കൊണ്ടെത്തിക്കാൻ ഗവൺമെന്റിന് സാധിച്ചു. കോടതിയുടെ ഇടപെടലിലൂടെ പുതിയ ഡാം നിർമ്മിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തണം. കുടിവെള്ള പ്രശ്നങ്ങളോട് ഈ ഗവൺമെന്റ് കാണിക്കുന്ന സമീപനം സ്വാഗതാർഹമാണ്. പുതിയ പദ്ധതികളുടെ നവീകരണത്തിൽ ഫലപ്രദമായി ഇടപെടാനുള്ള സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എൽ.ഐ.സി.യുടെ സഹായത്തോടെ ആരംഭിച്ച ഒട്ടേറെ പദ്ധതികൾ അനാഥമായി കിടക്കുകയാണ്. സ്പെഷ്യൽ അസിസ്റ്റൻസ് ഫോർ നബാർഡ് എന്ന പദ്ധതിയിലൂടെ സംസ്ഥാനത്ത് 37 പദ്ധതികൾ പ്രാവർത്തികമാക്കി. ജപ്പാൻ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിച്ചു. മലബാർ ഇറിഗേഷൻ പാക്കേജിലൂടെ വടക്കൻ മേഖലയിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം കണ്ടെത്തണം. സാധാരണക്കാർക്ക് പാർപ്പിടം നൽകുന്നതിനുവേണ്ട നടപടിക്ക് നേതൃത്വം കൊടുക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ അഭിമാനകരമായ ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയും എം.എൻ. ലക്ഷംവീട്

പുനരുദ്ധാരണ പദ്ധതിയും പാർപ്പിടമില്ലാത്തവർക്ക് സഹായകരമായിട്ടുണ്ട്. ഹൗസിംഗ് ബോർഡും ജില്ലാകളക്ടറും ജില്ലാ വികസന അതോറിറ്റിയും മുഖേന നടപ്പാക്കിയ പദ്ധതികളിലൂടെ വീട് നിർമ്മാണത്തിനായി വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത നിരവധി കുടുംബങ്ങളുടെ കടം എഴുതി ത്തള്ളി ആധാരങ്ങൾ തിരിച്ചുനൽകി. മാതൃകാപരമായി നടപ്പാക്കിയ ഒറ്റത്ത വണ തീർപ്പാക്കൽ പദ്ധതി ഒന്നുരണ്ടു പ്രാവശ്യംകൂടെ നടപ്പാക്കുന്നതിന് നട പടി സ്വീകരിക്കണം. 178 കോടി രൂപ ചെലവിൽ 60000 വീടുകൾ നവീകരി ക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കുകയാണ്. ഇതുവരെ ചെലവ ഴിച്ച 30 കോടി രൂപയ്ക്ക് പുറമേയുള്ള തുക വിവിധ ഏജൻസികളിൽനിന്നും കണ്ടെത്തി ഈ പദ്ധതിയെ ലക്ഷ്യത്തിലെത്തിക്കണം. മറ്റൊരുകാലത്തും ഇല്ലാത്ത രീതിയിൽ സംസ്ഥാനത്തെ വനം സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വനം മാഫിയകൾക്കെതിരെ ഗവൺമെന്റ് സ്വീകരിച്ച നടപടികളിലൂടെ 150-ഓളം ക്രിമിനലുകളെ കോടതി മുമ്പാകെ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വനസംരക്ഷണത്തിന് ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് മുൻകയ്യെടുക്കണം. വനവാസികൾക്ക് അർഹിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതി നാവശ്യമായ നടപടികൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ജല വിഭവസംരക്ഷണത്തിന്റെ കാര്യത്തിലും വനവിഭവ സംരക്ഷണത്തിന്റെ കാര്യത്തിലും ഭവന നിർമ്മാണ മേഖലയിലും അഭിമാനകരമായ നേട്ടങ്ങളാണ് മൂന്നു വർഷത്തെ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ ഭരണം കൊണ്ട് നേടിയെടുക്കാൻ സാധിച്ചത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുണ്ടായ തോൽവിയുടെ കാര്യങ്ങൾ വസ്തുനിഷ്ഠ മായി പഠിച്ച് തെറ്റുകൾ തിരുത്തി മുന്നോട്ടുപോകാനും വരുന്ന തദ്ദേശഭരണ

സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ വൻ വിജയം ഉറപ്പാക്കാനും ഇടതുമുന്നണിക്ക് സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. ബാബു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് ആരംഭിച്ച പല പദ്ധതികളും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കാൻ സാധിച്ചിട്ടില്ല. കൊച്ചി നഗരത്തിൽ ജൻറം പദ്ധതിപ്രകാരമുള്ള കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് തദ്ദേശഭരണ വകുപ്പും ജലവിഭവ വകുപ്പും തമ്മിലുള്ള തർക്കം കാരണം രണ്ടര വർഷമാണ് കാലതാമസം വന്നത്. ജൻറം പദ്ധതിയുടെ കാര്യത്തിൽ മോശപ്പെട്ട പെർഫോർമൻസ് കാഴ്ചവച്ച സംസ്ഥാനം കേരളമാണ്. ജലഗതാഗതത്തിനും കടൽഭിത്തി നിർമ്മാണത്തിനും കേന്ദ്ര ഗവൺമെന്റ് ഗ്രാന്റായി അനുവദിക്കുന്ന തുകപോലും ചെലവാക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇറിഗേഷനുമായി ബന്ധപ്പെട്ട് കുട്ടനാട് പാക്കേജ് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് ഡാം സേഫ്റ്റി അതോറിറ്റി രൂപീകരിക്കുന്നതിന്റെ ഭാഗമായി രൂപം നൽകിയ നിയമനിർമ്മാണത്തിലെ അധികാരങ്ങൾ ഉപയോഗിച്ച് കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഈ സർക്കാരിന് ഇതുവരെ കഴിഞ്ഞിട്ടില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്രപേർക്ക് കുടിവെള്ളം സൗജന്യമായി നൽകുന്നു എന്നുള്ളതിന്റെ കണക്ക് വ്യക്തമാക്കണം. ഭവനനിർമ്മാണ മേഖലയിൽ എല്ലാവർക്കും വീട് എന്ന ഗവണ്മെന്റിന്റെ നയം പ്രാവർത്തികമാക്കാനോ തദ്ദേശഭരണവകുപ്പു മുഖേനയുള്ള പദ്ധതികൾ നടപ്പാക്കാനോ സാധിച്ചിട്ടില്ല. പ്രഖ്യാപനങ്ങൾ നടത്തുന്നതല്ലാതെ അവ പ്രാവർത്തികമാക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : ശുദ്ധജല വിതരണ രംഗത്തും കാർഷിക ജലസേചന രംഗത്തും ഘടനാപരമായ മാറ്റങ്ങളിലൂടെ ഗുണകരമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യത്തോടുകൂടിയാണ് ഈ വർഷത്തെ ധനാഭ്യർത്ഥനകൾ സഭയുടെ സജീവ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. ജലമേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടിയാണ് ദീർഘവീക്ഷണത്തോടുകൂടിയുള്ള ആസൂത്രണത്തിന്റേയും ശാസ്ത്രീയ സമീപനത്തിന്റേയും അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ജലനയത്തിന് രൂപം നൽകിയിട്ടുള്ളത്. ജലവിഭവ മേഖലയിൽ ഒരുകാലത്തും ഉണ്ടാകാത്ത തരത്തിലുള്ള മൂലധന നിക്ഷേപം നടത്താനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ജലപ്രതിസന്ധി ഏതെങ്കിലും ഒരു ഗവൺമെന്റ് മാത്രം വിചാരിച്ചതുകൊണ്ട് പരിഹരിക്കപ്പെടാൻ കഴിയുന്ന പ്രശ്നമല്ല. ദേശീയ ശരാശരിയേക്കാൾ കുറഞ്ഞ മഴയാണ് 2008, 2009 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളത്. ജലത്തിന്റെ ഗുണനിലവാരത്തകർച്ച വലിയൊരു പ്രശ്നമായി ജനങ്ങളെ വേട്ടയാടുന്നതിനാൽ ജലലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്താനുതകുന്നതരത്തിൽ ഒരു കർമ്മ പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളേയും ജലസുരക്ഷാ മണ്ഡലങ്ങളാക്കി മാറ്റുന്നതിന് എം.എൽ.എ.മാരുടെ നേതൃത്വത്തിൽ ഒരു സമഗ്ര ജനകീയ കർമ്മ പദ്ധതിക്ക് തുടക്കം കുറിക്കാൻ ആലോചിക്കുകയാണ്. നിയോജകമണ്ഡലങ്ങളുടെ പരിധിയിൽവരുന്ന പഞ്ചായത്തുകളിൽ അവശേഷിക്കുന്ന ജലസ്രോതസ്സുകളെയെങ്കിലും മാലിന്യവിമുക്തമാക്കുകയും ഗുണനിലവാരം ഉറപ്പുവരുത്തുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രസ്തുത ജലസുരക്ഷാ പദ്ധതിയുടെ ആദ്യ ശിൽപ്പശാല സന്നദ്ധ സംഘടനകളുടേയും തദ്ദേശ ഭരണ സ്ഥാപ

നങ്ങളുടേയും ജനപ്രതിനിധികളുടേയും സഹകരണത്തോടുകൂടി 2009 ജൂലായ് മാസം 3-ാം തീയതി ആരംഭിക്കുന്നതും വിശദമായ കർമ്മ പരിപാടി ഈ സഭയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുന്നതുമാണ്. കേരള വാട്ടർ അതോറിറ്റി കഴിഞ്ഞ കാലയളവിൽ 45 വൻകിട ജലസേചന പദ്ധതികളും 156 ചെറുകിട ജലസേചന പദ്ധതികളും പൂർത്തിയാക്കി. ശുദ്ധജല വിതരണ മേഖലയിൽ റെക്കോർഡ് മൂലധന നിക്ഷേപമാണ് നടത്തിയിട്ടുള്ളത്. എൽ.ഐ.സി.യുടെ സാമ്പത്തിക സഹായം നിലച്ചതിനെത്തുടർന്ന് മുടങ്ങി ക്കിടന്ന പദ്ധതികൾ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്ത് നടപ്പിലാക്കി. 99 സ്പാൻ പദ്ധതികളിൽ 48 എണ്ണത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ബാക്കിയുള്ളവ റി-ടെണ്ടർ നടപടിയിലുമാണ്. ടെണ്ടർ നടപടികളിൽ കാലതാമസം ഉണ്ടാകുന്നതുമൂലം പദ്ധതി പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് പരിഹരിക്കുന്നതിന്റെ ഭാഗമായി മന്ത്രിതലത്തിൽ ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. പി.ഡബ്ള്യു.ഡി. കോഡും മാന്വലും പരിഷ്കരിച്ച് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സമഗ്രമായ പ്രവർത്തനം ആവശ്യമാണ്. 2010-2011 സാമ്പത്തിക വർഷം തീരുന്നതിനുമുമ്പ് പദ്ധതികൾ 100 ശതമാനവും പൂർത്തിയാക്കാൻ കഴിയും. ടി.ആർ.പി. പദ്ധതി കൾ 2009 ഡിസംബർ 31-നുമുമ്പ് പൂർത്തീകരിച്ച് 100 ശതമാനം എക്സ്പെൻഡിച്ചർ ടാർജെറ്റ് അച്ചീവ് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 6 പഞ്ചായത്തുകൾക്കുവേണ്ടി 44 കോടി രൂപയുടെ ടീപ് പദ്ധതി 2009 ആഗസ്റ്റ് മാസത്തിൽ കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീ ക്ഷിക്കുന്നു. ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ലൈ പ്രോഗ്രാം കേരളത്തിൽ ഇപ്പോൾ വിവിധ ഘട്ടങ്ങളിൽ പ്രവർത്തന പുരോഗതിയിലാണെങ്കിലും കഴിഞ്ഞ ഒരു വർഷം വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിഞ്ഞില്ല എന്ന

വിമർശനം ഉൾക്കൊണ്ടുകൊണ്ട് അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ജെ.ബി.ഐ.സി. പദ്ധതിയോടനുബന്ധിച്ച് റോഡുകളിൽ പൈപ്പ് ഇട്ടതിനുശേഷമുള്ള റെസ്റ്റോറേഷൻ കാലോചിതമായി നടത്തുന്നതിനാവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടിൽ നിന്നുതന്നെ കൊടുത്തുകൊണ്ട് ആ പ്രക്രിയ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടക്കുകയാണ്. മീനാട്, ചേർത്തല പ്രോജക്ടുകൾ 2010 മാർച്ച് 31-ന് മുമ്പും കോഴിക്കോട്, പട്ടുവം പ്രോജക്ടുകൾ 2010 അവസാനത്തോടുകൂടിയും കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ജെൻറം പദ്ധതിക്കുള്ള പ്രോജക്ടിന് അനുവാദം നേടിയെടുത്ത് എറണാകുളത്തും തിരുവനന്തപുരത്തും പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും എറണാകുളത്ത് ആവശ്യമായിട്ടുള്ള ലാന്റ് അക്വയർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. തിരുവനന്തപുരത്ത് ആശാവഹമായ പുരോഗതിയുണ്ടായിട്ടുണ്ട്. ആലപ്പുഴയിലും പരിസരത്തെ പത്ത് പഞ്ചായത്തുകൾക്കുമായി യൂഡിസ്മാറ്റിലും എ.ആർ.പി. സ്കീമിലുമുൾപ്പെടുത്തി 151 കോടി രൂപയുടെ പ്രവൃത്തി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. പയ്യന്നൂർ വാട്ടർ സപ്ലൈ സ്കീം പുരോഗതിയിലാണ്. ആലപ്പുഴയും പയ്യന്നൂരും കൂടാതെ 12 മുനിസിപ്പാലിറ്റികളിലായി ഏതാണ്ട് 396 കോടി രൂപയുടെ പ്രോജക്ടുകളാണ് കഴിഞ്ഞ കാലങ്ങളിൽ സാമ്പത്തികാനുമതിയും ഭരണാനുമതിയും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചത്. ശുദ്ധജല വിതരണ രംഗത്ത് ഏതാണ്ട് 5000 കോടിയോളം രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മുടങ്ങിക്കിടക്കുന്ന നഗരശുദ്ധജല വിതരണ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനുവേണ്ടി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 117.2 കോടി രൂപ ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

മലബാർ പാക്കേജിലുൾപ്പെടുത്തിക്കൊണ്ട് ആറ് നഗര ശുദ്ധജല വിതരണ പദ്ധതികളുടെ പഴകിയ പൈപ്പുകൾ റീപ്ലേസ് ചെയ്യുന്നതിനുവേണ്ടി 177 കോടി രൂപ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി പ്രവൃത്തിയാരംഭി ക്കാൻ പോവുകയാണ്. നിലവിലുള്ള ശുദ്ധീകരണശാലകളുടെ പുനരുദ്ധാര ണത്തിനുവേണ്ടി 10 കോടി രൂപ പ്രത്യേകമായി നീക്കിവച്ചിട്ടുണ്ട്. 500 കോടി യോളം രൂപയുടെ ശുദ്ധജലവിതരണ പദ്ധതികളുടെ ഭരണാനുമതി 2009 ആഗസ്റ്റ് 30-ന് മുമ്പുതന്നെ കൊടുത്തുകൊണ്ട് ആവശ്യമായ ഭരണ നിർവ്വഹണ നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ വർക്കുകൾ മുഴുവൻ ഏറ്റെടുത്ത് നടത്താനുള്ള കപ്പാസിറ്റി കേരള വാട്ടർ അതോറിറ്റിക്കുണ്ടോ എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. വാട്ടർ അതോറിറ്റിയെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഒരു പൗരവകാശ രേഖ ഗവൺമെന്റ് പ്രസിദ്ധീകരിച്ചു. അറ്റകുറ്റപ്പണികൾ സമയോചിതമായി ചെയ്യുന്നതിന്റെ ഭാഗമായി ബ്ലൂ ബ്രിഗേഡ് സംവിധാനം തിരുവനന്തപുരത്തും കൊല്ലത്തും പ്രാവർത്തികമാക്കുകയും എറണാകുളം സിറ്റിയിൽ അടുത്ത ആഴ്ച ആരംഭി ക്കാൻ പോകുകയും ചെയ്യുന്നു. ഇ-ടെൻഡറിംഗ് പ്രോസസ്സ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി. കേരള വാട്ടർ അതേറിറ്റിക്കുവേണ്ടി പ്രത്യേകമായി ഒരു കൺസൾട്ടൻസി വിംഗ് വാസ്കോഡ് എന്ന പേരിൽ നടപ്പിലാക്കി. മറ്റ് സംസ്ഥാനങ്ങളിലുള്ള കൺസൾട്ടൻസി വർക്ക് കൂടി ഏറ്റെടുക്കുന്ന നിലയി ലേയ്ക്ക് ഈ കൺസൾട്ടൻസി വിംഗ് ഇന്ന് ശക്തമായിക്കൊണ്ടിരിക്കുന്നു. നിലവിലുള്ള നിയമത്തിന് ഭേദഗതി വരുത്തിക്കൊണ്ട് ജലചൂഷണവും ജലമോഷണവും തടയുന്നതിനുവേണ്ടി കർശനമായ നടപടികൾ സ്വീകരി ച്ചതിന്റെ ഫലമായി അര കോടിയോളം രൂപ ഫൈൻ ഇനത്തിൽ ഈടാക്കിയി ട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗിന്റെ ഭാഗമായി കേരള വാട്ടർ

അതോറിറ്റിയെ പ്രോജക്ട് ഡിവിഷനെന്നും വാട്ടർ സപ്ലൈ ഡിവിഷനെന്നും വിഭജിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുക്കുന്നത്. മലബാർ ഇറിഗേഷൻ പാക്കേജിന്റെ ഭാഗമായി (മിർപ്പ) ഏഴ് ജില്ലകളിലുള്ള 209 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണത്തിന് 52.77 കോടി രൂപയുടെ പ്രോജക്ടും എറണാകുളം ജില്ലയിലെ 127 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുനരുദ്ധരിക്കുന്നതിന് 35.84 കോടി രൂപയുടെ പ്രോജക്ടും തയ്യാറാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾക്കു വേണ്ടി 14.36 കോടി രൂപയും ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിന്റെ മോട്ടോറും പമ്പ്സെറ്റും കനാലുകളും പുനരുദ്ധരിച്ച് കാര്യക്ഷമമായി നിലനിർത്തുന്നതിനുവേണ്ടി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി 103 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളും ആരംഭിക്കൻ പോകുന്നു. മലബാർ മേഖലയിലെ ചെക്ക് ഡാം, റെഗുലേറ്ററുകൾ, വെൻഡർ ക്രോസ് ബാർ എന്നിവ പുനരുദ്ധരിച്ച് കാര്യഷമമാക്കുന്നതിനുവേണ്ടി 197.5 കോടി രൂപയുടെ പദ്ധതിയും കുറ്റ്യാടി ജലസേചന പദ്ധതിയുടെ റീവാമ്പിംഗിനുവേണ്ടി 50 കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ടും തയ്യാറാക്കി ഭരണാനുമതി കൊടുക്കാൻ പോവുകയാണ്. പഴശ്ശി ഇറിഗേഷൻ പ്രോജക്ട് കാര്യക്ഷമമാക്കുന്നതിനുള്ള നിർദ്ദേശം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കോട്ടയം ജില്ലയിലെ കരിയാറിൽ സ്ഥിരം ബണ്ട് നിർമ്മിക്കുന്നതിനുവേണ്ടി 10 കോടി രൂപയുൾപ്പെടെ 500 കോടി രൂപയുടെ ഭരണാനുമതി ആഗസ്റ്റ് 30-നുമുമ്പായി ജലസേചന മേഖലയിലും ഇറിഗേഷൻ സെക്ടറിലും കൊടുക്കുന്നതാണ്. ഡ്രിങ്കിംഗ് വാട്ടർ സെക്ടറിലും ഇറിഗേഷൻ സെക്ടറിലുമായി ഏതാണ്ട് 1000 കോടി രൂപയുടെ പദ്ധതി അന്തിമ ഘട്ടത്തിലാണ്. കുട്ടനാട് പാക്കേജ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. തണ്ണീർമുക്കം ബണ്ടും തോട്ടപ്പള്ളി സ്പിൽവേയും

പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടനാടൻ പ്രോജക്ടിനുവേണ്ടി 46.8 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന് എത്രയുംവേഗം ഭരണാനുമതി നൽകി കേന്ദ്ര ഗവൺമെന്റുമായി സഹകരിച്ച് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കടലാക്രമണ പ്രതിരോധപ്രവർത്തനത്തിനായി 295 കോടി രൂപ ലഭിച്ചതിൽ 131 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പണികൾ 2010 മാർച്ച് 31-നുമുമ്പ് പൂർത്തീകരിക്കുന്നതാണ്. ഇൻലാന്റ് നാവിഗേഷന്റെ കാര്യത്തിൽ സാമൂഹ്യപ്രശ്നങ്ങൾ ഉള്ളതുകൊണ്ട് പദ്ധതി പ്രവർത്തനം ആശാവഹമായ പുരോഗതിയിലല്ല. ചമ്രവട്ടം റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു. പാതാളം റെഗുലേറ്റർ-കം-ബ്രിഡ്ജിന് 11 കോടി രൂപ കൊച്ചിൻ റിഫൈനറീസ് തരാമെന്ന് പറഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന തുക കണ്ടെത്തി പദ്ധതി ആരംഭിക്കുന്നതാണ്. ബായിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന് റിവൈസ്ഡ് എസ്റ്റിമേറ്റനുസരിച്ചുള്ള 7.1 കോടി രൂപയ്ക്കുള്ള അനുമതി നൽകിയിട്ടുണ്ട്. മലമ്പുഴ, ചിറ്റൂർ ഇറിഗേഷൻ പദ്ധതികൾക്ക് വേണ്ടിയുള്ള പണം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച് പ്ലാനിംഗ് കമ്മീഷന്റെ പരിഗണനയിലാണ്. കാരാപ്പുഴ പ്രോജക്ട് 2009-ൽ ഭാഗീകമായി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ബാണാസുരസാഗർ പ്രോജക്ടും, മൂവാറ്റുപുഴ വാലി പ്രോജക്ടും 2011-ൽ കമ്മിഷൻ ചെയ്യാനാകും. ഇടമലയാർ പ്രോജക്ട് 2011-ൽ ഭാഗീകമായി കമ്മിഷൻ ചെയ്യാൻ കഴിയും. മീനച്ചിൽ വാലി ഇറിഗേഷൻ പ്രോജക്ട് ആ രൂപത്തിൽ നടപ്പാക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ട് പുന:സംവിധാനം ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഹൈലി ടെക്നളോജിക്കൽ ആസ്പെക്ടുള്ള പ്രോജക്ടുകൾ എടുക്കണ്ട എന്ന് ഗവൺമെന്റ് തീരുമാനിച്ച

തിന്റെ അടിസ്ഥാനത്തിലാണ് അരുവിക്കരയിലെ കുടിവെള്ള പ്ലാന്റിന് കാലവിളംബം വന്നത്. വീണ്ടും ടെൻഡർ വിളിച്ചതനുസരിച്ച് അഞ്ച് കമ്പനികൾ മുന്നോട്ട് വന്നിട്ടുണ്ട്. ഈ വർഷം തന്നെ അതിന്റെ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പനിയുടെ ലിക്വിഡേഷൻ പ്രൊസീഡ്യുവറുമായി ബന്ധപ്പെട്ടുള്ള കാലതാമസംകൊണ്ട് ചവറയിലെ പ്രിമോ പൈപ്പ് ഫാക്ടറി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ശാസ്താംകോട്ട തടാകത്തിന്റെ കാര്യത്തിൽ നിയമപരമായ ചില പ്രശ്നങ്ങൾ കാരണം സഭയുടെ മുമ്പിൽ ബിൽ കൊണ്ടുവരാൻ കഴിഞ്ഞില്ല. എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും ഫ്രീ കൺസ്യൂമർ കണക്ഷൻ കൊടുക്കാൻ എൽ.എസ്.ജി.ഡി. ഉത്തരവിറക്കിയിട്ടുണ്ട്. ഇതിനുള്ള രജിസ്ട്രേഷൻ പ്രക്രിയ ഇപ്പോഴും തുടരുകയാണ്. അരലക്ഷത്തിൽ കുറയാത്ത ബി.പി.എൽ. ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മൂന്നാംകടവ്, ചാലക്കുടി ഇറിഗേഷൻ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ട്. ധനകാര്യ വകുപ്പുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്. ഇടുക്കി ജില്ലയെ സംബന്ധിച്ച് ഉന്നയിച്ച കാര്യങ്ങൾ ഇടുക്കി ജില്ലയിലെ എം.എൽ.എ. മാരുടെ പ്രത്യേക യോഗം വിളിച്ച് പരിശോധിക്കുന്നതാണ്. 1200 കോടി രൂപയുടെ ജലനിധി പ്രോജക്ടിന് കേന്ദ്ര ഗവൺമന്റും ലോകബാങ്കും അംഗീകാരം നൽകിയിട്ടുണ്ട്. ഈ സാമ്പത്തികവർഷം തന്നെ 600 പഞ്ചായത്തുകൾക്ക് പ്രയോജനം കിട്ടുന്ന ജലനിധി പ്രോജക്ട് തുടങ്ങാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇറിഗേഷൻ വകുപ്പിനെ പുന:സംവിധാനം ചെയ്ത് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതാണ്. കേരളത്തിലെ കാലപ്പഴക്കം ചെന്ന ഡാമുകൾ പുനരുദ്ധരിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. കിണറുകൾ റീ-ചാർജ്ജിംഗിന് വേണ്ടിയുള്ള പ്രോജക്ട് ഗ്രൗണ്ട്

വാട്ടർ ഡിപ്പാർട്ടുമെന്റ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി ജലവിഭവ മേഖലയിൽ ഗുണ പരമായ പുരോഗതി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട മറ്റംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റ് അനുഭാവ പൂർവ്വം പരിഗണിക്കുന്നതാണ് ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ ഭവന നിർമ്മാണ ബോർഡ് 1050 കോടിയിൽപ്പരംരൂപയുടെ ബാധ്യതയിൽപ്പെട്ട് മുന്നോട്ടുപോകാനാവാത്ത സ്ഥിതിയിലായിരുന്നു. ആ സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് 9-കോടി രൂപ മുടക്കി നിർമ്മിച്ച എറണാകുളത്തെ റവന്യൂ ടവർ കഴിഞ്ഞ ദിവസം കമ്മീഷൻ ചെയ്തു. പുതിയ വികസന നയത്തിന്റെ ഫലമായി ഹൗസിംഗ് ബോർഡിന് ഒൻപത് കൊല്ലങ്ങൾക്കിടയിൽ Innovative housing എന്ന പേരിൽ തൃക്കാക്കരയിൽ സ്വന്തമായി ഒരു പദ്ധതി ആരംഭിക്കാൻ കഴിഞ്ഞു.പാവപ്പെട്ടവർക്ക് വാടകയ്ക്ക് താമസിക്കാനായി അവിടെ 36 ഫ്ളാറ്റുകൾ ഉയർന്നു വരുകയാണ്. അതിൽ ഒരു നിശ്ചിത ശതമാനം സ്ത്രീകൾക്കായി മാറ്റിവയ്ക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പൂജപ്പുരയിലും ഇതുപോലുള്ള ഇന്നൊവേറ്റീവ് ഹൗസിംഗ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആറു തവണ നീട്ടിക്കൊടുത്ത ഒ.ടി.എസ്. ഒരു തവണ കൂടി നീട്ടിക്കൊടുക്കാൻ ശ്രമിക്കും. 41,500 കുടുംബങ്ങളുടെ

ആധാരം ഈ സർക്കാർ തിരിച്ചുകൊടുക്കാൻ പോവുകയാണ്. ഇതുകൊണ്ട് 183 കോടി രൂപയുടെ ആനുകൂല്യമാണ് പാവപ്പെട്ടവർക്ക് ലഭിക്കുന്നത്. യു.ഡി.എഫ്. സർക്കാർ ലക്ഷംവീട് പുതുക്കിപണിയുന്നതിന് തുടക്കം കുറിക്കുകയും 20,000 രൂപ സബ്സിഡി കൊടുക്കാൻ തീരുമാനിക്കുകയും 5 കോടി രൂപ ഇതിനുവേണ്ടി മാറ്റിവയ്ക്കുകയും ചെയ്തെങ്കിലും ഒറ്റ പൈസ പോലും ചെലവഴിക്കാനായില്ല. അത് ഈ സർക്കാർ എം.എൻ. ലക്ഷംവീട് പദ്ധതിയായി പുന:ക്രമീകരിക്കുകയും പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി 25,000 രൂപ സബ്സിഡി കൊടുത്ത് നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. കഴിഞ്ഞ മൂന്നു കൊല്ലംകൊണ്ട് 11,470 വീടുകൾക്കുള്ള സംഖ്യ അലോട്ട് ചെയ്യാനുള്ള തീരുമാനമായിട്ടുണ്ട്. 5753 വീടുകൾക്ക് പഞ്ചായത്തുകൾ സബ്സിഡി കൊടുക്കുകയും 1073വീടുകളുടെ പണി പൂർത്തിയാക്കുകയും ചെയ്തു. 16,08,87,500 രൂപ ഈ സർക്കാർ ഇതിനകം ലക്ഷംവീട് പദ്ധതിക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട മുഴുവൻ കാര്യങ്ങളും ഒരു പുസ്തകമായി അച്ചടിച്ച് ഇറക്കിയിട്ടുണ്ട്. ഈ പദ്ധതിയിലേയ്ക്കായി 1,15,00,000 രൂപ വ്യക്തികളിൽ നിന്നുള്ള സംഭാവനയായും 6,16,00,000 രൂപ ലോട്ടറി വഴിയും സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. നിർമ്മിതി കലവറകൾ നാലെണ്ണമാണുള്ളത്. അത് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. തിരുവനന്തപുരത്ത് ഒരു ഹാബിറ്റേറ്റ് സെന്റർ പൂർത്തീകരിക്കാനുള്ള ശ്രമത്തിലാണ്. ഇത്തവണത്തെ ബഡ്ജറ്റിലെ പാക്കേജിന്റെ ഭാഗമായി മറൈൻ ഡ്രൈവ് അടക്കമുള്ള ബോർഡിന്റെ ഡെഡ് ആയി കിടക്കുന്ന സ്ഥലങ്ങളിൽ പബ്ളിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷനിൽ പദ്ധതി ആരംഭിക്കാൻ നയപരമായി തീരുമാനമെടുത്തിട്ടുണ്ട്. അത് പ്രാവർത്തികമാക്കാൻ സാധിക്കുമെന്നും 2,000 കോടി

രൂപയുടെ നിക്ഷേപ പദ്ധതികൾ അവിടെ ഉണ്ടാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനാണ് ശ്രമിക്കുന്നത്. കേന്ദ്ര വനനിയമത്തിന്റെ പരിധികൾ മാനിച്ച് കൃഷിക്കാർക്ക് കോമ്പൻസേറ്ററി ഭൂമി കൊടുക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. നീലക്കുറിഞ്ഞി സാങ്ചറിയായി പ്രഖ്യാപിക്കപ്പെട്ട എണ്ണായിരം ഏക്കർ ഭൂമി ഒരു പരിഹാര വനഭൂമിയായി കണ്ടുകൊണ്ട് വേറെയേതെങ്കിലും ഭൂമി കണ്ടെത്തി ആയിരക്കണക്കിന് കൃഷിക്കാർക്ക് പട്ടയം കൊടുക്കാനുള്ള സാദ്ധ്യതയെക്കുറിച്ചാണ് ആരായുന്നത്. നാടിന്റെ ഉത്തമ ഭാവിയെ ലക്ഷ്യമാക്കിയാണ് ഇ.എഫ്.എൽ നിയമം കൊണ്ടുവന്നതെങ്കിലും ചെറിയ കൃഷിക്കാർ ഈ നിയമത്തിന്റെ കുരുക്കിൽപ്പെട്ട് നട്ടം തിരിയുകയാണ്. പ്രമാണിമാരെ രക്ഷിക്കുന്ന നയം ഈ സർക്കാരിനില്ല. അഞ്ച് ഏക്കർ വരെയുള്ള കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഡി.എഫ്.ഒ കൺവീനറായും ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥർ, കൃഷി ഓഫീസർ, സി.ഡബ്ല്യൂ.ആർ.ഡി.എം-ലെ ഉദ്യോഗസ്ഥർ, കെ.എഫ്.ആർ.ഐ ശാസ്ത്രജ്ഞർ എന്നിവരടങ്ങുന്ന ഒരു റിഡ്രെസ്സൽ കമ്മിറ്റിയുണ്ടാക്കാൻ പോവുകയാണ്. ആ കമ്മിറ്റി അഞ്ച് ഏക്കർ വരെയുള്ള കൃഷിക്കാരുടെ പ്രശ്നങ്ങൾ കേട്ട് സ്ഥലം പരിശോധിച്ച് അനുകൂലമായി റിപ്പോർട്ട് തന്നാൽ ആ ഭൂമി മോചിപ്പിക്കും. വനം വകുപ്പുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലുള്ള കേസുകൾ ഗവൺമെന്റ് റിവ്യൂ ചെയ്യുന്നുണ്ട്. യു.ഡി.എഫ്-ന്റെ കാലത്ത് നടത്തിയ മെർക്കിസ്റ്റൺ ഭൂമിയുടെ പോക്കുവരവ് റദ്ദാക്കിയത് ഈ സർക്കാരാണ്. പറമ്പിക്കുളത്തെ രണ്ടാമത് ടൈഗർ റിസർവ്വിന്റെ ഭാഗമായി ഒരു പട്ടയ ഭൂമിയും തോട്ടവും വരില്ല. ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ മൃഗങ്ങളെ വേട്ടയാടുന്നത്

പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. വെള്ളം കിട്ടാതെ മൃഗങ്ങൾ ചത്തുപോകുന്നത് തടയാൻ വനത്തിനുള്ളിൽ എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗിച്ച് ചേലക്കര മോഡൽ തടാകങ്ങൾ നിർമ്മിക്കാവുന്നതാണ്. മൃഗങ്ങളുടെ ആക്രമണം കൊണ്ട് മരിക്കുന്നവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം 50,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും വന്യജീവികളുടെ ആക്രമണംമൂലമുള്ള കൃഷി നാശത്തിനുള്ള ധനസഹായം 10,000 രൂപയിൽ നിന്ന് 50,000 രൂപയായും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഷെഡ്യൂൾ ഒന്നിലും രണ്ടിലുംപെട്ട മൃഗങ്ങൾ ആക്രമിച്ചാൽ മാത്രമാണ് ഇതുവരെ നഷ്ടപരിഹാരം കൊടുത്തിരുന്നതെങ്കിൽ ഷെഡ്യൂൾ മൂന്നിലും നാലിലുംപെട്ട മൃഗങ്ങളുടെ ആക്രമണംമൂലം നഷ്ടമുണ്ടായാലും നഷ്ടപരിഹാരം കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുകയാണ്. നഗരങ്ങളിലെ മരങ്ങൾ വെട്ടിമുറിക്കുന്നത് തടയുന്നതിനായി ട്രീ അതോറിറ്റി രൂപീകരിക്കും വനമേഖലയിലെ ആദിവാസികൾക്ക് വനവിഭവങ്ങളുടെ ശേഖരണവും വിപണനവും സാദ്ധ്യമാക്കുന്നതിന് വനശ്രീ പദ്ധതി നടപ്പാക്കും.. വനനയം സംബന്ധിച്ച് എം.എൽ.എ.മാരുടെ ഒരു ത്രിദിന ക്യാമ്പ് തേക്കടിയിലെ മുല്ലക്കുടിയിൽ സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ നടത്തുന്നതാണ്. മറയൂരിലെ ചന്ദനക്കള്ളക്കടത്ത് തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആദിവാസികളുടെ വനാവകാശ നിയമം നടപ്പാക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർ ത്ഥനയും ജലസേചനം എന്ന XXXVIII -ാം നമ്പർ ധനാഭ്യർത്ഥനയും

ഭവനനിർമ്മാണം എന്ന XXI -ാം നമ്പർ ധനാഭ്യർത്ഥനയും വനം എന്ന XXXIV -ാം നമ്പർ ധനാഭ്യർത്ഥനയും 24-നെതിരെ 70 വോട്ടുകളോടുകൂടി സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 5.26-ന് പിരിഞ്ഞു.

..................................